20.06.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

സ്വർഗീയധ്വനി

ക്രിസ്തീയ പത്രം

Vol. 26
Issue 12

കവർ സ്റ്റോറി

മാർ അപ്രേം പറഞ്ഞതും പെന്തക്കോസ്തുകാർ അറിയേണ്ടതും

ഓർത്തഡോക്സ് സഭയുടെ അടൂർ-കടമ്പനാട് ഭദ്രാസനങ്ങളുടെ ചുമതലയുണ്ടായിരുന്ന ബിഷപ്പ് മാർ അപ്രേം ചില ആഴ്ചക

ശാരോൻ ഫാമിലി കോൺഫറൻസ് ഒരുക്കങ്ങൾ പൂർത്തിയായി

ഡാളസ്, ടെക്സാസ്: ശാരോൻ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്ക (S-F-C-N-A-) 19-ാമത് ഫാമിലി കോൺഫറൻസ് 2025 ജൂലൈ 3-6 വരെ ഡാളസിലെ ശാരോൻ ഇവന്റ് സെന്ററിൽ (940 ബാർണസ് ബ്രിഡ്ജ് റോഡ്, മെസ്കൈറ്റ്, TX 75150) നടക്കും. ''വരുവിൻ, നമുക്ക് ദൈവവുമായി ഒരുമയിൽ നടക്കാം'' (ആമോസ് 3:3) എന്നുള്ളതാണ് കോൺഫറൻസ് തീം.

കോൺഫറൻസിന്റെ വിവിധ സെഷനുകളിൽ റവ . ജോ തോമസ് (ബെംഗളൂരു), റവ. തോമസ് മാമൻ, റവ. സജോ തോണികുഴിയിൽ, റവ. ജോൺ തോമസ് (SFC ഇന്റർനാഷണൽ സെക്രട്ടറി), റവ. ഡോ. റ്റിങ്കു തോംസൺ (പ്രസിഡന്റ്, SFCNA) ഡോ. അനു കെനത്ത് (ജർമ്മനി), ഡോ. നിരൂപ് ആൽഫോൺസ് (കോളറാഡോ) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. ഡോ. ബ്ലെസ്സൺ മേമന (യു. കെ), റവ. ദിലിപ് കുര്യൻ (ചിക്കാഗോ) എന്നിവർ ഗാനശുശ്രൂഷകൾക്കു നേതൃതം നൽകും.

കഴിഞ്ഞ ഒക്ലഹോമ കോൺഫെറെൻസിൽ അനേക കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് നയിച്ച

(ശേഷം പേജ് 6)

ലോക പെന്തെക്കോസ്ത് സമ്മേളനം

ഫിൻലന്റ്: 27-ാമത് ലോക പെന്തെക്കോസ്ത് സമ്മേളനം, ലോകസുവിശേഷീകരണത്തിനും ഉണർവ്വിനും പരിശുദ്ധാത്മാവിന്റെ ശക്തിയും അനുഗ്രഹവും ആഗോള സഭകളിൽ കൂടുതലായി പകരപ്പെടണമെന്ന ആഹ്വാനത്തോടും ഹെൽസിങ്കിയിൽ സമാപിച്ചു.

കോൺഫറൻസ് ചെയർമാൻ ഡോ. വില്ല്യം എം. വിൽസൺ, പാസ്റ്റർ റിക്ക് വാറൻ, ഡോ. യംഗൂൺ ലീ, പാസ്റ്റർ റസ്സൽ ഇവാൻസ് തുടങ്ങിയവർ പ്രസംഗകരായിരുന്നു. ആഗോള പ്രശ്നങ്ങളുടെ പരിഹാരത്തിനും, ലോകസുവിശേഷീകരണത്തിനും, സാർവ്വലൗകിക ഉണർവ്വിനും സഭ

(ശേഷം പേജ് 6)

ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ സിൽവർ ജൂബിലി കൺവെൻഷൻ

ഫ്ളോറിഡ: ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ രജത ജൂബിലി കൺവൻഷൻ ജൂലൈ മൂന്ന് മുതൽ ആറു വരെ ഒർലാന്റോ ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയിൽ (IPC Orlando Church, 11531 Winter Garden Vineland Road, Orlando, FL 32836) നടക്കും.

3 ന് വ്യാഴാഴ്ച വൈകിട്ട് 6.30 ന് ആരംഭിക്കുന്ന പ്രഥമ യോഗത്തിൽ പാസ്റ്റർ ഡോ. ജോയി ഏബ്രഹാം അധ്യക്ഷത വഹിക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഡോക്ടർ തോംസൺ കെ. മാത്യു പ്രാരംഭ ദിനത്തിൽ മുഖ്യപ്രഭാഷണം നടത്തും. ഇവാഞ്ചലിസ്റ്റ് കെ.ബി. ഇമ്മാനുവലിന്റെ നേതൃത്വത്തിലുള്ള റീജിയൻ ക്വയർ ആത്മീയ ഗാന ശുശ്രൂഷകൾക്ക് എല്ലാ ദിവസവും നേതൃത്വം വഹിക്കും.

4ന് വെള്ളിയാഴ്ച രാവിലെ 10.30 ന് ആരംഭിക്കുന്ന സഹോദരി സമ്മേളനത്തിൽ ലേഡീസ് മിനിസ്ട്രീസ് പ്രസിഡന്റ് സിസ്റ്റർ ബീനാ മത്തായിയും ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് നടക്കുന്ന യുവജന സമ്മേളനത്തിൽ പി.വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ സിബി എബ്രഹാമും അധ്യക്ഷത വഹിക്കും. വെള്ളിയാഴ്ച വൈകിട്ട് പാസ്റ്റർ



ഏബ്രഹാം തോമസ് അധ്യക്ഷത വഹിക്കുന്ന പൊതുയോഗത്തിൽ അനുഗ്രഹീത കൺവെൻഷൻ പ്രഭാഷകൻ റവ. ഡേവിഡ് സ്റ്റുവേഡ് ജൂനിയർ മുഖ്യ പ്രഭാഷണം നടത്തും.

5 ന് ശനിയാഴ്ച രാവിലെ 10 ന് രജത ജൂബിലി സമ്മേളനം നടക്കും. ഐപിസി രാജ്യാന്തര പ്രസിഡന്റ് റവ. ഡോ. വത്സൻ എബ്രഹാം മുഖ്യ അതിഥിയായി പങ്കെടുക്കും. സുവനീർ പ്രകാശനവും അവാർഡ് ദാനവും ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനവും ജൂബിലിയോട് അനുബന്ധിച്ച് നടക്കും. ശുശ്രൂഷകന്മാർ കൗൺസിൽ അംഗങ്ങൾ, സ്റ്റേറ്റ് പ്രതിനിധികൾ തുടങ്ങിയവർ ആശംസകൾ അറിയിക്കും.

ശനിയാഴ്ച വൈകിട്ട് നടക്കുന്ന പൊതുയോഗത്തിൽ പാസ്റ്റർ കെ.ജെ. കുര്യാക്കോസ് അധ്യക്ഷത വഹിക്കും. റവ. ഡേവിഡ് സ്റ്റുവേഡ് ജൂനിയർ പ്രസംഗിക്കും. ഞായറാഴ്ച രാവിലെ 9-12 വരെ നടക്കുന്ന സംയുക്ത സഭാ ആരാധനയ്ക്ക് പാസ്റ്റർ ജേക്കബ് മാത്യു നേതൃത്വം വഹിക്കും. ഭക്തി നിർഭരമായ തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും. ഞായർ രാവിലെ 9-11 വരെ നടക്കുന്ന യുവജനങ്ങൾക്കായുള്ള ഇംഗ്ലീഷ് ആരാധനക്കും പ്രെയ്സ് ആൻഡ് വർഷിപ്പിനും പാസ്റ്റർ ഫിനോയി ജോൺസൺ നേതൃത്വം നൽകും.

പാസ്റ്റർ കെ.സി. ജോൺ (പ്രസിഡന്റ്), പാസ്റ്റർ എ.സി. ഉമ്മൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ റോയി വാകത്താനം (സെക്രട്ടറി), ബ്രദർ നിബു വെള്ളവന്താനം (ജോയിന്റ് സെക്രട്ടറി), ബ്രദർ എബ്രഹാം തോമസ് (ട്രഷറർ), പാസ്റ്റർ ജോയി ഏബ്രഹാം, ജിം ജോൺ (കൗൺസിൽ അംഗങ്ങൾ), രാജു പൊന്നോലിൽ (പബ്ലിസിറ്റി കോർഡിനേറ്റർ) എന്നിവരാണ് സൗത്ത് ഈസ്റ്റ് റീജൻ ഭാരവാഹികൾ.

നിബു വെള്ളവന്താനം

സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 19 ▪

തെരുവിലെ സുവിശേഷവും തിരുവസ്ത്രമുപേക്ഷിച്ച സന്യാസിനിയും

ഉത്തര ഭാരതത്തിൽ സുവിശേഷകന്മാർ തല്ലുകൊള്ളുന്നു. മിസ്രയീമ്യൻ യിസ്രായേല്യനെ തല്ലുന്നു. കേരളത്തിൽ സ്ഥിതി ഗതികൾ മറിച്ചാണ്. സഭകളിൽ സ്ഥാനത്തെ ചൊല്ലി, സമ്പത്തിനെ ചൊല്ലി, സാമൂഹ്യ വിഷയങ്ങളെ ചൊല്ലി ഒരു പായയിൽ ഇരുന്ന് ആരാധിക്കുന്നവരും ഒരപ്പത്തിന്റെയും ഒരു പാനപാത്ര ത്തിന്റെയും അവകാശികളെന്ന് അവകാശപ്പെടുന്നവരും തമ്മിൽ അടിയും തമ്മിൽ തല്ലും അരങ്ങേറുകയാണ്.

സജി പീച്ചി

ഇംഗ്ലണ്ടിലെ ലണ്ടൻ തെരുവീഥികളിൽ അതിശൈത്യത്തെ അവഗണിച്ച് വയോവൃദ്ധനായ ഒരു മനുഷ്യൻ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നു. പേര് എബ്രഹാം പുത്തൻ പുരയ്ക്കൽ. വയസ്സ് 81. ലണ്ടൻ പാർലമെന്റ് മന്ദിരത്തിന്റെ മുന്നിലുള്ള വിശാലമായ രാജപാതയിൽ തിരുവചന സൂക്തങ്ങളടങ്ങിയ പ്ലാക്കാർഡുമേന്തി വർദ്ധക്യം ബാധിച്ച ഈ മനുഷ്യൻ നിലയുറപ്പിക്കുന്നു. ഹൃദയ ശസ്ത്രക്രീയയും ബൈപാസ് സർജറിയും കഴിഞ്ഞ ഈ പിതാവ് നഗര മധ്യത്തിൽ ഒരു ക്രിസ്ത്യൻ ബുക്ക് സ്റ്റാളിന്റെ ഉടമയാണ്. തന്റെ പത്നി 80 വയസ്സുള്ള ശോശാമ്മയോടൊപ്പമാണ് പ്രേഷിത പ്രവർത്തനത്തിന് താൻ അദ്ദേഹം സാക്ഷിയാകുന്നത്. സ്വന്തം ഭവനത്തിൽ നിന്നും തിങ്കളാഴ്ച രാവിലെ ബുക്ക് ഡിപ്പോയിലെത്തുന്ന ഈ മുതിർന്ന ദമ്പതികൾ ശനിയാഴ്ച വരെ ബുക്ക് സ്റ്റാളിന്റെ ഇടുങ്ങിയ മുറിയിൽ പാർത്ത് സുവിശേഷം പ്രഘോഷിക്കുന്നു. ഞായറാഴ്ച മകന്റെ സഭയിൽ ആരാധനയിൽ സംബന്ധിച്ച ശേഷം വീട്ടിലേക്ക് മടങ്ങുന്നു.

ഇംഗ്ലണ്ടിൽ കെന്റ് എന്ന സ്ഥലത്ത് സ്വന്തമായി വീടും, പ്രശസ്തരും അഭ്യസ്ത വിദ്യരുമായ മക്കളും ഈ പിതാവിനുണ്ട്. ഓരോ ആഴ്ചയിലും 20 മൈൽ ട്രെയിനിൽ യാത്ര ചെയ്താണ് ലണ്ടൻ നഗരത്തിലെത്തുന്നത്. ഓരോ യാത്രയിലും നൂറു കണക്കിന് ട്രാക്റ്റുകളും പ്ലാക്കാർഡുകളും തന്റെ പക്കൽ കരുതിയിരിക്കും. മഴയോ, വെയിലോ, ശീതമോ, ഉഷ്ണമോ, തന്റെ സുവിശേഷ പ്രവർത്തനത്തിന് തടസ്സമല്ല. 1972 ൽ ജർമ്മനിയിൽ ഒരു സ്വർണ്ണ വ്യാപാരിയായിരുന്നു അദ്ദേഹം. റിട്ടയർഡ് നേഴ്സാണ് ഭാര്യ ശോശാമ്മ. താൻ പാർക്കുന്ന കെന്റയിലുള്ള ഓരോ ഭവനങ്ങളും തനിക്ക് സുപരിചിതങ്ങളാണ്. അവിടെയെല്ലാം അദ്ദേഹം കയറിയിറങ്ങി സുവിശേഷ പ്രവർത്തനം നടത്തിയിട്ടുണ്ട്. പിന്നീടാണ് പ്രവർത്തനം ലണ്ടനിലേക്ക് മാറ്റിയത്.

ലണ്ടൻ സ്ട്രീറ്റിൽ പരസ്യ യോഗം നടത്തുന്ന മറ്റൊരു സഹോദരിയാണ് തിരുവനന്തപുരം സ്വദേശിനി സിസ്റ്റർ അനു ആന്റണി. ആതുര സേവന രംഗത്തുനിന്നും വിരമിച്ച ആളാണ് അനു. മക്കൾ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. (കടപ്പാട്. പാ. ബിമോനച്ചൻ)

കേരളത്തിൽ പരസ്യ സുവിശേഷ പ്രവർത്തനം നടത്തുന്ന വിവിധ ടീമുകളും വ്യക്തികളുമുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സുവിശേഷം നിമിത്തം അനുഭവിക്കുന്ന ക്ലേശങ്ങൾ വാക്കുകൾക്കതീതമാണ്. തങ്ങളുടെ മതം പ്രചരിപ്പിക്കുന്നതിൽ യാതൊരു തെറ്റുമില്ലെന്ന് ബഹു. കോടതിയും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും സുവിശേഷത്തെ പ്രതി നിരന്തരം മർദ്ദനങ്ങളും പീഡനങ്ങളും അക്രമണങ്ങളും വർദ്ധിച്ചു വരുന്നതാണ് കാണുവാൻ കഴിയുന്നത്. സ്വതന്ത്രമായി ആരാധിക്കാനോ, പള്ളികൾ പണിയുവാനോ അവർക്കാവുന്നില്ല.

ഈ കാലഘട്ടത്തിലും ശിലായുഗത്തിലെപ്പോലെ വൃക്ഷ ചുവട്ടിലും ഓലയും പുല്ലും മേഞ്ഞ ഷെഡ്ഡുകളിലും കാലിത്തൊഴുത്തിന്റെ പാർശ്വഭാഗങ്ങളിലുമിരുന്ന് പരിമിതികളുടെ മദ്ധ്യേ അവർ കർത്താവിനെ ആരാധിക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അനേകം ഗ്രാമങ്ങളിൽ ഇത്തരം ആരാധന ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വലിയ ഉണർവ്വും വിടുതലുകളും അവരുടെയിടയിൽ നടക്കുന്നുമുണ്ട്. തിയോളജിയിൽ ബിരുദമോ ഭാഷാ ജ്ഞാനമോ സംസ്ക്കാര സമ്പന്നതയൊ അവകാശപ്പെടാൻ അവർക്കില്ല. അവരുടെ സന്തോഷവും ആനന്ദവും വാക്കുകൾക്കതീതമാണ്, വർണ്ണനാതീതമാണ്. ദാരിദ്ര്യത്തിന്റെ നെല്ലിപ്പലക കണ്ടാണ് പലരും യാത്ര ചെയ്യുന്നത്. ഏത് സമയത്തും എവിടെ നിന്നും വർഗ്ഗീയ വിരോധികളുടെ ആക്രമണം തങ്ങൾക്കുണ്ടാകുമെന്ന് അവർ ആശങ്കപ്പെടുന്നു.

ഛത്തീസ് ഗഢിൽ കഴിഞ്ഞ ദിവസം ഒരു കർത്തൃദാസനെയും ഭാര്യയെയും വിശ്വാസികളെയും നിരവധി സഹോദരിമാരെയും വർഗ്ഗീയ വിരോധികൾ കൂട്ടത്തോടെ വന്ന് ക്രൂരമായി മർദ്ദിച്ചു. ദേശം വിട്ടു പോകണമെന്ന് ഭീഷണിപ്പെടുത്തി. ക്രൂരമർദ്ദനങ്ങളും ആക്രമണങ്ങളും ഉത്തരേന്ത്യയിൽ നിരന്തരമായി നടക്കുന്നു, ആരാധനാലയങ്ങൾ തകർക്കുന്നു. കർത്തൃശുശ്രൂഷകന്മാരെ മർദ്ദിച്ചവശരാക്കുന്നു. സഹോദരിമാരെ അപമാനിക്കുന്നു. വിശ്വാസികളെ കയ്യേറ്റം ചെയ്യുന്നു. ആരാധനാലയത്തിലെ വസ്തുവകകൾ നശിപ്പിക്കുന്നു. ഇതിനെല്ലാം മൂക സാക്ഷികളായി നിയമപാലകർ നോക്കിനിൽക്കുന്നു. ഒടുവിൽ നിയമത്തിന്റെ ഊരാക്കുരുക്കുകളിൽ അകപ്പെടുത്തി നിരപരാധികളായ വിശ്വാസികളെ ദ്രോഹിക്കുന്നു. സമൂഹത്തിന്റെ മുന്നിൽ കുറ്റവാളികളായി മുദ്ര കുത്തപ്പെടുന്നു.

ഉത്തര ഭാരതത്തിൽ സുവിശേഷകന്മാർ തല്ലുകൊള്ളുന്നു. മിസ്രയീമ്യൻ യിസ്രായേല്യനെ തല്ലുന്നു. കേരളത്തിൽ സ്ഥിതി ഗതികൾ മറിച്ചാണ്. സഭകളിൽ സ്ഥാനത്തെ ചൊല്ലി, സമ്പത്തിനെ ചൊല്ലി, സാമൂഹ്യ വിഷയങ്ങളെ ചൊല്ലി ഒരു പായയിൽ ഇരുന്ന് ആരാധിക്കുന്നവരും ഒരപ്പത്തിന്റെയും ഒരു പാനപാത്ര ത്തിന്റെയും അവകാശികളെന്ന് അവകാശപ്പെടുന്നവരും തമ്മിൽ അടിയും തമ്മിൽ തല്ലും അരങ്ങേറുകയാണ്. സഭയുടെ ആസ്ഥാന മന്ദിരങ്ങളിൽ എബ്രായരും എബ്രായരും തമ്മിലാണ് അടി! അവർ തമ്മിൽ വ്യവഹാരത്തിന്മേൽ വ്യവഹാരമാണ്. സഭാ വിശ്വാസികളും വിശ്വാസികളും തമ്മിൽ! ഗ്രൂപ്പും ഗ്രൂപ്പും തമ്മിൽ! പാനലും പാനലും തമ്മിൽ! മേൽ ഘടകവും കീഴ് ഘടകവും തമ്മിൽ പരസ്പരം പോരടിക്കുകയാണ്! ഇതിന് എന്നെങ്കിലും ഒരു ശാശ്വത പരിഹാരമുണ്ടാകുമോ...?

കഴിഞ്ഞ ദിവസം കേട്ട മറ്റൊരു കാര്യം റോമൻ കത്തോലിക്ക സഭയുടെ വിദ്യാലയത്തിൽ അധ്യാപികയായ അനുപമ എന്ന സന്യാസിനി മഠത്തിലെ സന്യാസ ജീവിതം ഉപേക്ഷിച്ച് ഐ ടി കമ്പനിയിൽ ജോലിക്കാരിയായി മാറി എന്നതാണ്. മഠാധിപന്മാരുടെ ഇംഗിതത്തിനു വഴങ്ങാത്തവരെ മഠത്തിന് ആവശ്യമില്ലെന്ന് മതപുരോഹിതന്മാർ നിഷ്കർഷിച്ചപ്പോഴാണ് സഭ നൽകിയ തിരുവസ്ത്രം ഉപേക്ഷിക്കുവാൻ ഈ സന്യാസിനി തയ്യാറായത്. സഭയ്ക്കുള്ളിൽ ഇത്തരത്തിൽ വീർപ്പുമുട്ടി കഴിയുന്ന നിരവധി സന്യാസിനികളുണ്ട്. സഭയുടെ മതിൽക്കെട്ടിനു വെളിയിൽ വരാൻ അവർക്കാവുന്നില്ല. എല്ലാം സഹിച്ച് ജീവിതം ഹോമിച്ച് കർത്താവിന്റെ മണവാട്ടികളെന്ന ലേബലിൽ അവർ അവിടെ ഒതുങ്ങിക്കൂടുന്നു.

സഭാ മേലദ്ധ്യക്ഷന്മാരുടെ അപഥ സഞ്ചാരത്തിന് അറുതി വരുത്തണമെന്നും തങ്ങൾക്ക് സുരക്ഷയും നീതിയും ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് ഈ സന്യാസിനി പണ്ട് നടത്തിയ സമരം വാർത്താ മാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. നീതി നിഷേധിക്കപ്പെട്ട് വെള്ളത്തിൽ വരച്ച വര പോലെ അതെല്ലാം മാഞ്ഞുപോയി. ഇപ്പോൾ അവർ സ്വന്തമായി ജോലി ചെയ്ത് ഉപജീവനം നടത്തുന്നു. സുവിശേഷത്തിന്റെ ഓരോരോ വ്യത്യസ്ത മുഖങ്ങൾ!

www.sdpathram.com

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Chairman	:	James T. Samuel
Managing Editor	:	Joy Thumpamon
Chief Editor	:	Finny P. Mathew
Editorial Director	:	Oommen Ebenezer
General Editor	:	Pr. Sam T. Mukhathala
Circulation Manager	:	K. C. Jacob
Overseas Editors	:	Sunny Thazhampallom
		Sheenamol Joseph
General Coordinator	:	Pr. Binu Cheriyan
Coordinators	:	George Samuel
	:	Jose K. Varghese
	:	Anu Samuel
	:	Pr. Sajan Easo Plachery

പഠന പരമ്പര 9

പലസ്തീൻ ആരുടേത്? ഭാവി എന്ത്?

ഫിലിപ്പോസ് കുളക്കട
9605498870

സത്യവിശ്വാസികൾ രൂപാന്തരം പ്രാപിക്കുന്നത് ക്രിസ്തുവിന്റെ തേജസുള്ള ശരീരത്തിന് തുല്ല്യരായിട്ടാണ്. ക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്ന സ്വർഗാതി സ്വർഗത്തിലേക്കാണ് അവർ ആരോഹണം ചെയ്യുന്നത്.

ദൈവത്തിന്റെ അനന്യത്വം (Immutability of God)

യഹോവയായ ഞാൻ മാറാത്തവൻ (മലാ. 3:6). മാറ്റമുണ്ടാകുന്ന ആരും, ഒന്നും ദൈവമല്ല. ആദാം മുതൽ പൂർവ പിതാക്കന്മാർക്കുണ്ടായിട്ടുള്ള ദൈവിക പ്രത്യക്ഷതകൾ (Theophanies) പഴയനിയമ കാലത്ത് ആലയങ്ങളിലെ ദൈവാധിവാസം, സഭയാകുന്ന ദൈവാലയത്തിലെ ദൈവാധിവാസം എന്നിവയെപറ്റി പഠിച്ചാൽ അതൊന്നും തന്നെ ദൈവ തേജസിന്റെ പൂർണ്ണതയിലായിരുന്നില്ല എന്ന് ഗ്രഹിക്കാം. അതിന് വിരുദ്ധമായി പുതിയ യെരുശലേമിലെ സിംഹാസനത്തിൽ ദൈവം ആളത്വത്തിൽ ഇരിക്കുകയും പുതിയ ഭൂമിയിലെ മനുഷ്യൻ ദൈവമുഖം കാണുകയും ചെയ്യുമെങ്കിൽ ദൈവം മാറാത്തവൻ എന്നത് അർത്ഥ രഹിതമാകും. ദൈവത്തിന്റെ സിംഹാസനം സ്വർഗത്തിൽ സ്ഥാപിച്ചിരിക്കുന്നു (സങ്കീ. 103: 19). സ്വർഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു (യെശ. 66:1). അത് നിത്യമാണെങ്കിൽ അത് ഒഴിച്ചിട്ടിട്ടുണ്ട്. പുതിയ യെരുശലേമിലെ സിംഹാസനത്തിൽ ദൈവം ഇരിക്കുകയോ സ്വർഗ സിംഹാസനം ഭൂമിയിലേക്ക് മാറ്റുകയോ ചെയ്യുമെന്ന് പറഞ്ഞാൽ അത് മൗഢ്യമാണ്. ദൈവം സ്വർഗത്തിൽ സിംഹാസനസ്ഥനായിരിക്കുമ്പോൾ തന്നെ മുൻ ദൈവാലയങ്ങളിൽ വസിച്ചിരുന്നതുപോലെ പുതിയ യെരുശലേമിലും വസിക്കുമെന്നും അപ്പോൾ തന്നെ പൂർവ പിതാക്കന്മാർക്ക് വെളിപ്പെട്ടതുപോലെ മനുഷ്യാളത്വ വേഷത്തിൽ മനുഷ്യർക്ക് പ്രത്യക്ഷനാകും എന്നും ചിന്തിക്കുന്നതാണ് യുക്തം.

2. പുതിയ ഭൂവാസികൾ ജഡശരീരികളായിരിക്കും

ഇപ്പോൾ ദൈവമക്കളുടെ സേവകാത്മാക്കളായ ദൂതന്മാർ സ്വർഗസ്ഥനായ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നരുളി ചെയ്ത യേശു കർത്താവ് തന്നെയാണ് സ്വർഗത്തിൽ നിന്നും ഇറങ്ങി വന്നവനല്ലാതെ ആരും പിതാവിനെ കണ്ടിട്ടില്ല എന്നും അരുളി ചെയ്തത്. സ്വർഗത്തിൽ കെരുബുകൾ ആരാധിക്കുന്നത് രണ്ടുചിറകുകൾ കൊണ്ട് അവരുടെ മുഖം മറച്ചു കൊണ്ടാണ്. അതിന് വിരുദ്ധമായി പുതിയ ഭൂമിയിലെ ജഡവാസികൾ നേരിട്ട് ദൈവമുഖം കാണുമെങ്കിൽ ദൈവം മാറാത്തവൻ എന്നതിന് എന്തർത്ഥം?

തിരുവചന സത്യങ്ങളിൽ തങ്ങൾക്ക് അനുഭവമാകാത്തതൊന്നും വിശ്വസിക്കുകയോ അംഗീകരിക്കുകയോ ചെയ്യാത്തവരാണ് ഉപദേഷ്ടാക്കന്മാരുൾപ്പെടെ പെന്തെക്കോസ്തരിൽ അധികവും എന്നാണ് ആറര പതിറ്റാണ്ടിലധിക കാലത്തെ എന്റെ പരിചയത്തിൽ നിന്നും ഞാൻ ഗ്രഹിച്ചിരിക്കുന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്രിത്വം വിശ്വാസിയിൽ വസിക്കുന്നു എന്നാണ് പുതിയ നിയമ സിദ്ധാന്തം. യേശുവിന്റെ പ്രായശ്ചിത്ത മരണത്താൽ പാപശാന്തി മാത്രമല്ല രോഗശാന്തിയും ഉൾപ്പെടുന്നു; യേശു സകല രോഗങ്ങളേയും സൗഖ്യമാക്കും എന്നൊക്കെ പ്രസംഗിക്കുന്നു. എല്ലാവരും കിടപ്പു രോഗികളല്ലെങ്കിലും ഒരു രോഗവുമില്ലാത്തവരുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതേക്കുറിച്ച് ആറ് പതിറ്റാണ്ടുകൾ പഴക്കമുള്ള ഒരു സംഭവ കഥ ഇങ്ങനെയാണ്. പെന്തെക്കോസ്ത് മുഖ്യധാരാ സഭകളിലുൾപ്പെട്ട ഒരു സഭയുടെ സെന്റർ മാസയോഗത്തിൽ ഒരു സ്ത്രീയുടെ സാക്ഷ്യത്തിൽ അവളുടെ രോഗത്തെപറ്റി പറയുന്നതിനിടയിൽ ‘‘പ്രിയമുള്ളവരെ, എന്റെ രോഗം മറ്റൊന്നുമല്ല, ദൈവദാസന്മാരുടെ രോഗമാണ് എനിക്കുമുള്ളതെ’’ന്നു പറഞ്ഞു. അക്കാലത്ത് സാധാരണക്കാരിൽ ആ രോഗമുള്ളവരും ദൈവദാസന്മാരിൽ ആ രോഗം ഇല്ലാത്തവരും കുറവായിരുന്നു. യേശു താങ്കളുടെ രോഗവും വഹിച്ചു കൊണ്ടാണ് ക്രൂശിൽ കയറിയതെങ്കിൽ യേശു വഹിച്ച രോഗം ഇപ്പോൾ താങ്കൾ ചുമക്കുന്നതെന്തിന് എന്നോ ഏതെങ്കിലും കാരണവശാൽ രോഗം വന്നുവെങ്കിൽ, യേശു സകല രോഗങ്ങളേയും സൗഖ്യമാക്കുമെങ്കിൽ താങ്കളെ എന്തുകൊണ്ട് സൗഖ്യമാക്കുന്നില്ല എന്നോ ആരും ചോദിക്കരുത്. പുതിയ ഭൂമിയുടെ അവസ്ഥ പെന്തെക്കോസ്തർക്ക് മനസിലാകാത്തതിന്റെ ഉദാഹരണമായിട്ടാണ് ഇത്രയും കുറിച്ചത്.

പുതിയ ഭൂവാസികളുടെ ഉദാത്തമായ അനുഭവം ആനന്ദമായിരിക്കും. അത് ദൈവത്തിൽ നിന്നാണ് ലഭിക്കുന്നതെങ്കിലും അത് പ്രാപിക്കാൻ പുതിയ യെരുശലേമിൽ പോകേണ്ടതില്ല. അത് അവരിൽ നിത്യം ഉണ്ടായിരിക്കും. യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്ക് വരും. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഖവും നെടുവീർപ്പും ഓടിപ്പോകും യെശ. 35:10; 56:11 ൽ അത് ആവർത്തിച്ചു പറയുന്നു. അതിന് കാരണം അവൻ (ദൈവം) അവരോടുകൂടെ ഇരിക്കും എന്നതാണ് (യെശ. 35:8). പിതാവും പുത്രനും പരിശുദ്ധാത്മാവും തങ്ങളുടെ അകത്തുണ്ട് എന്നവകാശപ്പെടുകയും പ്രശ്ന പരിഹാരത്തിന് ദക്ഷിണയുമായി പ്രാർഥനാ തൊഴിലാളികളെ ആശ്രയിക്കുകയും ചെയ്യുന്നവർക്ക് അത് മനസിലാകയില്ല എന്നാണ് മുകളിൽ കുറിച്ചത്. അതാണ് പുതിയ ഭൂമിയിലെ നിവാസികൾ പുതിയ യെരുശലേമിൽ ദൈവസിംഹാസനത്തിന് മുമ്പിലിരുന്നായിരിക്കും ആരാധിക്കുന്നതെന്ന ഭാഷ്യത്തിന് കാരണം.

ഞാൻ പ്രൈമറി സ്കൂളിൽ പഠിച്ച കാലത്ത് നാലാം ക്ലാസിലെ പാഠപുസ്തകത്തിൽ അരയന്നവും കൊറ്റികളും എന്ന ഒരു പാഠമുണ്ടായിരുന്നു. നെൽ കൃഷിക്കായി ഉഴുതു മറിച്ച് ചേറെല്ലാം ചളചളയാക്കിക്കൊണ്ടിരുന്ന ഒരു കണ്ടത്തിൽ കൊറ്റികൾ, അട്ട, ഞണ്ട്, ഞാഞ്ഞൂൽ എന്നിവ കൊത്തി വിഴുങ്ങുന്നതിനിടയിൽ ഒരു അരയന്നം അവിടെയെത്തി. കൊറ്റികൾ അതിനെ വളഞ്ഞു. നീ എവിടെ നിന്നാണ് വരുന്നത്? നിന്റെ നാട്ടിൽ എന്തെല്ലാം കിട്ടുമെന്നുമെല്ലാം ചോദിച്ചു? അരയന്നം പറഞ്ഞു; കൊറ്റികളുടെ ഇഷ്ടാഹാരമൊന്നും അതിൽ ഉണ്ടായിരുന്നില്ല. അട്ടകളില്ലേ? ഞണ്ടില്ലേ? ഞാഞ്ഞൂലില്ലേ എന്നെല്ലാം കൊറ്റികൾ ചോദിച്ചു. അതൊന്നും അവിടെ കിട്ടുകയില്ല എന്ന് അരയന്നം പറഞ്ഞപ്പോൾ എന്തിന് കൊള്ളാം നിന്നെ? നീ സുഖമെന്തറിയുന്നു? എന്നൊക്കെ ചോദിച്ച് പരിഹസിച്ച് കൊറ്റികൾ അരയന്നത്തെ ആട്ടിപ്പായിച്ചു എന്നാണ് കഥ. നമ്മുടെ സഭാജനങ്ങളുടെയും വേദജ്ഞരുടെയും പ്രശ്നങ്ങളും അതു തന്നെയാണ്.

സത്യവിശ്വാസികൾ രൂപാന്തരം പ്രാപിക്കുന്നത് ക്രിസ്തുവിന്റെ തേജസുള്ള ശരീരത്തിന് തുല്ല്യരായിട്ടാണ്. ക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്ന സ്വർഗാതി സ്വർഗത്തിലേക്കാണ് അവർ ആരോഹണം ചെയ്യുന്നത്. അവിടെ ക്രിസ്തുവിനോടുകൂടെ സിംഹാസനത്തിൽ ഇരിക്കുന്നതിനേക്കാളും അനന്ത വിഹായസിൽ വിഹരിക്കുന്നതിനേക്കാളും അവർക്ക് സന്തോഷം പുതിയ യെരുശലേമിൽ സിംഹാസനത്തിന് മുമ്പിലിരുന്ന് ആരാധിക്കുന്നതാണെന്ന് പറയുന്നവരെ ഓർത്തും ദുഖിക്കയല്ലാതെ മറ്റൊന്നും ചെയ്യാനില്ല.

പുതിയ നിയമ സഭ പുതിയ യെരുശലേമിൽ ദൈവസിംഹാസനത്തിന് മുമ്പിൽ ഇരുന്ന് ദൈവത്തെ ആരാധിക്കും എന്ന ഭാഷ്യത്തിന്റെ ആധാരമെന്തായിരിക്കും? വേദ വ്യാഖ്യാതാക്കൾ തങ്ങളുടെ വ്യാഖ്യാനത്തിനാധാരമാക്കിയിട്ടുള്ള ഗ്രന്ഥങ്ങളുടെ ദീർഘമായ ലിസ്റ്റ് (Bibliogrephy) പ്രസിദ്ധീകരിക്കാറുണ്ട്. അതിലേക്ക് ഉളിയിടുന്നില്ല. വേദ പഠനത്തിന് പഠന ഗ്രന്ഥങ്ങൾ വായിക്കുന്നത് തെറ്റല്ല എന്നു മാത്രമല്ല, ആവശ്യവുമാണ്. അല്ലെങ്കിൽ ഞാൻ എഴുതുന്നതും നിരർത്ഥകമാകുമല്ലോ. എന്നാൽ മറ്റുള്ളവരുടെ ഭാഷ്യങ്ങൾ ശരിയോ? തെറ്റോ? എന്ന് വിവേചിക്കാൻ തക്ക വേദജ്ഞാനം പ്രാപിക്കാത്തവർ ഒരേ വിഷയത്തേക്കുറിച്ചുള്ള പലരുടെ ഭാഷ്യങ്ങൾ വായിച്ച് ചിന്താക്കുഴപ്പത്തിലാകും. നമ്മുടെ പ്രസിദ്ധരായ വ്യാഖ്യാതക്കളിൽ പലർക്കും അങ്ങനെ സംഭവിച്ചിട്ടുണ്ട് എന്നതിന് മതിയായ തെളിവുകളുണ്ട്. അതിലേക്ക് കടക്കുന്നില്ല.

യിസ്രായേലിലെ ദാൻ ഗോത്രം ഒഴികെയുള്ള 12 ഗോത്രങ്ങളിൽ ഓരോന്നിൽ നിന്നും നെറ്റിയിൽ ദൈവത്തിന്റെ മുദ്ര ഏറ്റിട്ടുള്ള 12000 പേർ വീതം ആകെ 144000 പേരെ യോഹന്നാൻ കണ്ടു (വെളി. 7:1–8). അതിനുശേഷം ഇതര ജാതികളിൽ നിന്നുള്ള എണ്ണമറ്റ പുരുഷാരം വെള്ള നിലയങ്കി ധരിച്ച് കൈയിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നത് കണ്ടു (വാ. 9). അവർ ദൈവത്തിന്റെ സിംഹാസനത്തിന് മുമ്പിൽ ഇരുന്നു. അവന്റെ ആലയത്തിൽ രാപകൽ അവനെ ആരാധിക്കുന്നു എന്ന് 15–ാം വാക്യത്തിൽ പറയുന്നു. അവർ പുതിയനിയമ സഭയാണെന്നും അവർ ഇരിക്കുന്നത് പുതിയ യെരുശലേമിലാണെന്നുമുള്ള തെറ്റായ ധാരണയാണ് സഭ പുതിയ യെരുശലേമിൽ ഇരുന്ന് ആരാധിക്കമെന്നുള്ള ഭാഷ്യത്തിന് കാരണം. എന്നാൽ ആ ഭാഗം അവലോകനം ചെയ്താൽ അവർ സഭയോ തേജസ്ക്കരണം പ്രാപിച്ചവരോ അവർ ആയിരിക്കുന്നത് പുതിയ യെരുശലേമിലോ അല്ലെന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് ഗ്രഹിക്കാൻ കഴിയും. അതിലേക്ക് കടക്കുന്നതിന് മുമ്പ് 15–ാം വാക്യത്തിന്റെ നിജസ്ഥിതി നോക്കാം. അതിലെ ‘ഇരുന്ന്’ എന്ന പദം നമ്മുടെ മലയാളം ബൈബിളിൽ മാത്രം കാണുന്നതാണ്. ഇംഗ്ലീഷിലെ ഒരു വേർഷനിലും ഇരുന്നു എന്നർത്ഥം വരുന്ന പദമില്ല.

"Therefore are they before the throne of God and serve him day and night in the temple" (K.J.V) റോമൻ കത്തോലിക്കാ ബൈബിളിലും കത്തോലിക്കാ സ്വതന്ത്ര പരിഭാഷയായ ഓശാനയിലും ഇരുന്നു എന്ന് വാക്കില്ല. പകരം ‘നിൽക്കുന്നതും’ എന്നുണ്ടുതാനും. ‘‘അതുകൊണ്ട് ഇവർ ദൈവത്തിന്റെ സിംഹാസന സമക്ഷം നിൽക്കുന്നതും രാപകൽ അവന്റെ സിംഹാസനത്തിൽ അവനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നതും’’–ഓശാന

(തുടരും)

അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ..?

പാസ്റ്റർ പി.എം. ജോൺസൻ
9447343593

3 അടിസ്ഥാനങ്ങൾ മറിഞ്ഞുപോയാൽ നീതിമാൻ എന്തുചെയ്യും? (സങ്കീ. 11:3).

ഒരു കെട്ടിടം നിലനിൽക്കുന്നത് അതിന്റെ അടിസ്ഥാനം ശരിയായതുകൊണ്ടാണ്. അത് തകർന്നു വീഴുന്നുവെങ്കിൽ അതിന്റെ കാരണം അടിസ്ഥാനം ശരിയല്ലാത്തതുകൊണ്ടാണ്. നമ്മുടെ ക്രിസ്തീയ ജീവിതവും ഇങ്ങനെതന്നെയാണ്. നീതിമാന്മാരെന്ന് നമുക്ക് ബോധ്യമുള്ള പലരും നാശോന്മുഖമായ പ്രതിസന്ധികളിൽകൂടി കടന്നുപോകുന്നത് പലപ്പോഴും അവരുടെ ഏതെങ്കിലും തെറ്റായ തീരുമാനമോ പ്രവർത്തിയോ കൊണ്ടാകണമെന്നില്ല, മറിച്ച് അടിസ്ഥാനം മറിഞ്ഞുപോയതുകൊണ്ടാണ്. തെറ്റായ അടിസ്ഥാനത്തിനു കാരണം പലപ്പോഴും അറിവില്ലായ്മയോ പാപമോ ആയിരിക്കാം. തെറ്റായ അടിസ്ഥാനമാണ് ഉള്ളതെങ്കിൽ അത് മുമ്പോട്ടുള്ള യാത്രയെ പ്രതികൂലമായി ബാധിക്കും. പല വിജയങ്ങളും കൈ എത്താവുന്ന ദൂരത്തു എത്തിയിട്ടും മാറിപ്പോകുകയും പരാജയങ്ങൾ ഒരു തുടർക്കഥ ആവുകയും ചെയ്തേക്കാം. ഇത് ഒരു നീതിമാന്റെ മാത്രം വിഷയമല്ല, പലരുടെയും പ്രശ്നമാണ്.

നാം നീതിമാനായിട്ടും മേല്പറഞ്ഞ അവസ്ഥയിലാണ് കടന്നുപോകുന്നതെങ്കിൽ അതിന്റെ കാരണമാണ് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത്, അടിസ്ഥാനങ്ങൾ മറിഞ്ഞുപോയി എന്നത്. പ്രശ്നം മനസ്സിലാക്കിയാൽ പരിഹാരമുണ്ട്, നമ്മുടെ കർത്താവു നല്ല പണിക്കാരനാണ്. തെറ്റായ അടിസ്ഥാനങ്ങൾ പലതുണ്ട്. ചിലരുടേത് വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതാണ്. വിഗ്രഹങ്ങളെ ആരാധിച്ചിരുന്നവരെ മാത്രമല്ല വിവക്ഷിക്കുന്നത്. ദൈവമക്കൾ എന്ന് പേരുള്ള പലരെയും സസൂക്ഷ്മം വിവേചിച്ചാൽ ഇത് മനസ്സിലാക്കാവുന്നതേയുള്ളൂ. ചിലരുടെ അടിസ്ഥാനം പ്രസ്ഥാനമാണ്, അത് വിട്ടുള്ള ഒരു യാത്ര അവർക്കു ചിന്തിക്കാവുന്നതേയല്ല. ചിലരുടെ അടിസ്ഥാനം അവരുടെ പ്രാദേശീക സഭ അഥവാ കൂട്ടമാണ്. ചിലരുടെ അടിസ്ഥാനം ചില വ്യക്തികളിലാണ് ഇട്ടിരിക്കുന്നത്. ചിലർക്ക് സ്ഥാനമാനമാണ് അടിസ്ഥാനം. ജീവിതകാലം മുഴുവനും സ്ഥാനമാനങ്ങളുമായി ബന്ധപ്പെട്ട് അതിനുവേണ്ടി മാത്രം ആയുസ്സും അധ്വാനവും മാറ്റിവയ്ക്കുന്നവർ ചിന്തിക്കുന്നത് ഇതെല്ലാം കർത്താവിനുവേണ്ടി ചെയ്യുന്നതെന്നാണ്.

നല്ല പണിക്കാരൻ തെറ്റായ അടിസ്ഥാനത്തെ തകർത്തിട്ടു, പുതിയത് ഒന്ന് ഇടും. കർത്താവിന്റെ സന്നിധിയിലേക്ക് അടുത്ത് ചെന്നാൽ മതി. നമ്മുടെ അടിസ്ഥാനം നാം പലപ്പോഴും കാണുന്നില്ല, അതിന്റെ മേലുള്ള പണി മാത്രമേ കാണുന്നുള്ളൂ. പണിയുടെ ബലക്ഷയത്തിന്റെ കാരണം അദൃശ്യമായിരിക്കുന്ന അടിസ്ഥാനത്തിന്റെ പ്രശ്നമാണ്. ചില കുടുംബങ്ങളുടെ അടിത്തറ, ആത്മീയ അടിസ്ഥാനം ഒട്ടും ശരിയല്ല. പിതാക്കന്മാർ ഇട്ട തെറ്റായ അടിസ്ഥാനം പലരുടെയും വർത്തമാനകാല ജീവിതത്തെ സ്വാധീനിക്കുന്നു എന്നുള്ളത് ഒരു യാഥാർഥ്യമാണ്. ചിലരുടെ ചിന്താഗതി, വ്യക്തിത്വം, പ്രവർത്തികൾ എന്നിവകളിൽ അവ നിഴലിച്ചുകാണാം. പലരുടെയും ക്രിസ്തീയ ജീവിതത്തിലെ തുടർച്ചയായ പരാജയങ്ങളുടെ കാരണം അവരുടെ മുൻ പരിചയങ്ങളിലൂടെ ഇട്ട തെറ്റായ അടിസ്ഥാനമാണ്. ഈ അടിസ്ഥാന പ്രശ്നം നന്നായി മനസ്സിലാകാത്തതുകൊണ്ട്, പല ഭക്തന്മാരും വർഷങ്ങളായി കഷ്ടപ്പെടുന്നുണ്ട്. ഈ അടിസ്ഥാനം തകർക്കേണ്ടതുണ്ട്, അല്ലെങ്കിൽ അത് നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ വിജയത്തെ നിശ്ചയമായും ബാധിക്കും.

ദൈവം ശക്തമായി ഉപയോഗിച്ച ഗിദെയോൻറെ കുടുംബ പശ്ചാത്തലം, അഥവാ ആത്മീയ അടിത്തറ വിഗ്രഹ ആരാധനയുമായി ബന്ധപ്പെട്ടതായിരുന്നു. അതുകൊണ്ടു തന്നെയാണ് തന്നെ ഉപയോഗിക്കുന്നതിനു മുൻപ് ദൈവം അവനെക്കൊണ്ടുതന്നെ അവന്റെ പിതാക്കന്മാരുടെ വിഗ്രഹാരാധനയുടെ അടിത്തറ തകർത്തത് (ന്യായ.6). ആ അടിസ്ഥാനം തകർക്കാതെ ദൈവത്തിന്റെ യുദ്ധത്തിൽ തനിക്കു വിജയിക്കുവാൻ കഴിയുമായിരുന്നില്ല. അടിസ്ഥാനം, അതൊരു പക്ഷേ പിതാക്കന്മാർ ഇട്ടതായാലും, ഒരു പ്രശ്നം തന്നെയാണ്. പിതാക്കന്മാർ ഇട്ടതുകൊണ്ടു മാത്രം അത് ദൈവീകം ആകണമെന്നില്ല. തെറ്റായ അടിസ്ഥാനത്തിലാണ് നിൽക്കുന്നതെങ്കിൽ അത് മാറിയേ പറ്റൂ. അബ്രഹാമിന്റെ പിതാക്കന്മാരുടെ അടിസ്ഥാനവും ദൈവാനുഗ്രത്തിന് പറ്റിയതായിരുന്നില്ല, അതുകൊണ്ടാണ് തനിക്കു അവിടം എന്നെന്നേക്കുമായി വിടുവാൻ ദൈവീക നിർദേശം ലഭിച്ചത്.

പ്രീയ ദൈവപൈതലേ, പ്രാർത്ഥനയോടെ, ഉപവാസത്തോടെ, ദൈവത്തിന്റെ അടുത്തേക്ക്, സത്യവചനത്തിലേക്കു അടുത്തുചെല്ലുക, തെറ്റായ അടിസ്ഥാനം വെളിപ്പെട്ടു വരാതിരിക്കുകയില്ല. വെളിപ്പെട്ടു കിട്ടിയാൽ അടുത്ത പടി ഏറ്റുപറയുകയും ഉപേക്ഷിക്കുകയും ചെയ്യുക എന്നതാണ്. നെഹെമിയാവിന്റെയും കൂട്ടരുടെയും വിജയത്തിന് അടിസ്ഥാനം ഇവിടെയായിരുന്നു; ''എന്നാൽ ഈ മാസം ഇരുപത്തിനാലാം തിയ്യതി യിസ്രായേൽമക്കൾ ഉപവസിച്ചും രട്ടുടുത്തും തലയിൽ പൂഴി വാരിയിട്ടുംകൊണ്ടു കൂടിവന്നു. യിസ്രായേൽ സന്തതിയായവർ സകല അന്യജാതിക്കാരിൽനിന്നും വേർതിരിഞ്ഞു നിന്നു തങ്ങളുടെ പാപങ്ങളെയും തങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളെയും ഏറ്റുപറഞ്ഞു'' (നെഹ. 9:1,2).

നമുക്കുള്ള ശക്തമായ ആയുധം ശരിയല്ലാത്ത അടിസ്ഥാനത്തെ തകർക്കത്തക്കതാണ്; ''ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന്നു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിന്നായിട്ടു പിടിച്ചടക്കി'' (2കൊരി. 10:4,5).

തെറ്റായ അടിസ്ഥാനം തകർത്താൽ പിന്നെ പുതിയത് ഇടുക എന്നതാണ്; ''എനിക്കു ലഭിച്ച ദൈവകൃപക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു പ്രധാനശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ പണിയുന്നു; താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല'' (1കൊരി. 3:10,11).

ആത്മിക ലോകത്തിൽ സാധാരണ വിശ്വാസികൾ മുതൽ നേതാക്കന്മാർ വരെ ആത്മിയ അടിത്തറ നഷ്ടപ്പെട്ടവരായി മാറിയിരിക്കുന്നു. അതുകൊണ്ട് സഭയാം ആലയം സമൂഹത്തിൽ വികൃതമായിക്കൊണ്ടിരിക്കുന്നു. അടിസ്ഥാനത്തിന് സംഭവിച്ച കേടുപാടുകൾ തിരിച്ചറിഞ്ഞ് മനസു പുതുക്കി രൂപാന്തരപ്പെട്ട് ദൈവരാജ്യ വളർച്ചക്കായി പ്രവർത്തിക്കാം.

PRAYER

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com



രക്തസാക്ഷികൾ



ക്രൈസ്തവ രക്തസാക്ഷികൾ എന്നു കേൾക്കുമ്പോൾ വിപ്ലവത്തിന്റെ ചോര മുഖമല്ല മനസ്സിൽ തെളിയുന്നത് പ്രത്യുത സഹനത്തിന്റെയും, ത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും നനവുള്ള ഒരു ചിത്രമായിരിക്കും ഒരു ഭക്തന്റെ മനസ്സിൽ വിരിയുക.

പാസ്റ്റർ ജേക്കബ് പ്രതീഷ്

കാൽവറി ക്രൂശിലെ നിസ്തുല സ്നേഹത്തിന്റെ നിത്യ സ്മാരകങ്ങളാണ് രക്തസാക്ഷികൾ. ക്രിസ്തുവിന്റെ സ്നേഹത്താൽ ബന്ധിതരായി സ്വയം സമ്പൂർണമായി സമർപ്പിച്ച അനേകം വിശ്വാസ വീരന്മാരുടെ നീണ്ട പട്ടിക നമുക്ക് സഭാ ചരിത്രത്തിൽ കാണാൻ കഴിയും. അവരുടെ ചുടുനിണത്തിൽ കുരുത്ത നവീകരണത്തിന്റെ വിത്തുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വൻ വൃക്ഷങ്ങളായി രൂപപ്പെട്ടിട്ടുണ്ട്. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ട് വിശ്വാസത്തിന്റെ പടയോട്ടം ആരംഭിക്കുകയും, ക്രൂശിന്റെ പാതയിൽ സുസ്ഥിരമായി നിലകൊള്ളുകയും, ആ ക്രൂശിന്റെ നിഴലിൽ ലയിച്ചു ചേരുകയും ചെയ്ത അനേക വിശുദ്ധന്മാരുടെ ചരിത്രം ആവേശകരമാണ്.

വിശ്വാസത്യാഗവും സത്യധ്വസനവും മുറക്ക് നടന്നുകൊണ്ടിരിക്കുന്ന ആധുനിക ക്രിസ്ത്യാനികളുടെ ആത്മീയ മന്ദത ഉച്ചാടനം ചെയ്യാനും സത്യക്രിസ്ത്യാനികളെ പോർമുനയിൽ യുദ്ധസന്നദ്ധരായി നിർത്തി വിശ്വാസത്തിനായി അങ്കം പൊരുതി വീരചരമം പ്രാപിച്ച രക്തസാക്ഷികളുടെ ചരിത്രം ഒരു അഗ്നിസ്പുലിംഗമായി തീരുമെന്നതിൽ സംശയമില്ല.

'മാർട്ടസ്' എന്ന യവന വാക്കിന് സാക്ഷി എന്നാണ് അർത്ഥം. രക്തസാക്ഷി എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിക്കാം. യേശുക്രിസ്തുവിന്റെ ജീവിതത്തിനും, മരണത്തിനും, പുനരുത്ഥാനത്തിനും, സാക്ഷികളായിരുന്നവരെ ഉദ്ദേശിച്ചാണ് മാർട്ടസ് എന്ന പദം ഉപയോഗിച്ചിരുന്നത്. അതിനുശേഷം ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി പീഡനമേൽക്കുന്നവരെയും കൊല്ലപ്പെടുന്നവരെയും മാർട്ടസ് എന്ന് വിളിച്ചു തുടങ്ങി. ക്രിസ്തുവിന്റെ സാക്ഷ്യം അച്ചടക്കത്തോടും, സമർപ്പണത്തോടും, ധീരതയോടും കൂടെ അവർ ലക്ഷ്യത്തിലെത്തിച്ചു.

ക്രൈസ്തവ രക്തസാക്ഷികൾ എന്നു കേൾക്കുമ്പോൾ വിപ്ലവത്തിന്റെ ചോര മുഖമല്ല മനസ്സിൽ തെളിയുന്നത് പ്രത്യുത സഹനത്തിന്റെയും, ത്യാഗത്തിന്റെയും, സ്നേഹത്തിന്റെയും നനവുള്ള ഒരു ചിത്രമായിരിക്കും ഒരു ഭക്തന്റെ മനസ്സിൽ വിരിയുക. ആ ചിത്രം നമ്മെ ചിന്തിപ്പിക്കും, ആ ചിത്രം നമ്മുടെ കണ്ണുകളെ നനയിക്കും, വിശ്വാസ സത്യങ്ങൾക്കുവേണ്ടി എഴുന്നേൽക്കാനുള്ള പ്രേരക ശക്തി അതിൽ നിന്ന് പ്രവഹിക്കുന്നത് അന്തരാത്മാവിൽ നമുക്ക് അനുഭവിക്കാൻ കഴിയും.

സഭാ യുഗത്തിലെ അറിയപ്പെടുന്ന ആദ്യത്തെ രക്തസാക്ഷിയാണ് സ്തേഫാനോസ്. യെരുശലേം സഭകളിൽ മേശകളിൽ ശുശ്രൂഷ ചെയ്യാൻ തെരഞ്ഞെടുക്കപ്പെട്ട 7 പേരിൽ ഒരാൾ. ആത്മനിറമുള്ള ഒരു പ്രഭാഷകനും, ഭക്തനായ ഒരു സുവിശേഷകനും ആയിരുന്നു സ്തേഫാനോസ്. അത്ഭുതകരവും അതിശയരവുമാർന്ന ഒരു ശുശ്രൂഷ ദൈവം തന്റെ ദാസനെ കൊണ്ട് ചെയ്യിച്ചു. എത്രനാൾ താൻ മേശകളിൽ ശുശ്രൂഷ ചെയ്തിരുന്നു എന്ന് നമുക്കറിയില്ല. എന്നാൽ ഒരു കാര്യം വ്യക്തമാണ് തന്നെ ഏൽപ്പിച്ച ശുശ്രൂഷയിൽ അദ്ദേഹം വിശ്വസ്തനായിരുന്നു. അതിനാൽ തന്നെ ദൈവം അദ്ദേഹത്തെ അടുത്ത തലത്തിലേക്ക് ഉയർത്തുകയാണ്. മേശകളിൽ ശുശ്രൂഷിക്കുമ്പോൾ തന്റെ ഉള്ളിൽ ഒരു ആഗ്രഹം ഉണ്ടായിരുന്നു. ഒരുനാൾ ദൈവം എന്നെയും തന്റെ രാജ്യത്തിനുവേണ്ടി. ഉള്ളിൽ പതഞ്ഞു പൊങ്ങിയ ആഗ്രഹത്തിന്റെ മറുപടിയാണ് സുവിശേഷകനായുള്ള സ്ഥാനക്കയറ്റം.

ഒരു സുപ്രഭാതത്തിൽ സ്തേഫാനോസ് ദൈവിക ശുശ്രൂഷകൾ ചെയ്യുകയല്ല, മറിച്ച് മേശകളിൽ ആരും കാണാത്ത ശുശ്രൂഷകളുടെ ഇടയിൽ വച്ച് ദൈവം തന്റെ ഭൃത്യനെ പണിതെടുക്കുകയായിരുന്നു. പരിശുദ്ധാത്മനിറവിൽ വിശ്വാസത്തിന്റെ അകമ്പടിയോടെ, ദൈവകൃപയുടെയും ജ്ഞാനത്തിന്റെയും ഉച്ചകോടിയിൽ നിന്നുകൊണ്ട് സ്തേഫാനോസ് അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. അദ്ദേഹത്തോട് എതിർത്തവരിൽ ലിബർത്തീനർ യൂറോപ്പിൽ നിന്നുള്ളവരായിരുന്നു, കുറേനക്കാരും, അലക്സാന്ദ്രിയക്കാരും ആഫ്രിക്കക്കാരായിരുന്നു. കിലിക്കിയ, ആസ്യ എന്നീ ദേശക്കാർ റഷ്യയിൽ നിന്നുള്ളവരായിരുന്നു. ചുരുക്കി പറഞ്ഞാൽ മൂന്നു ഭൂഖണ്ഡങ്ങളിലെ പ്രതിനിധികളോട് സ്തേഫാനോസ് വചനവുമായി ഏറ്റുമുട്ടുകയാണ്. തന്നോട് എതിർത്തവരോടുള്ള അദ്ദേഹത്തിന്റെ മറുപടി അത്യുജ്ജ്വലമായിരുന്നു. ആ വാദ പ്രതിവാദങ്ങൾക്കൊടുവിൽ അദ്ദേഹത്തിന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ കണ്ടു.

ശക്തമായ ആത്മീയ പ്രഭാഷണങ്ങൾക്കൊടുവിൽ സ്തേഫാനോസ് കല്ലേറേൽക്കുകയാണ്. സത്യത്തോടും നീതിയോടും കൂടെ ദൈവവേല ചെയ്തപ്പോൾ അദ്ദേഹത്തിന് ലഭിച്ചത് കയ്യടിയല്ല മറിച്ച് കല്ലേറാണ്. ആത്മാർത്ഥതയോടെ കർത്താവിനെ സേവിക്കുന്ന ഏതു ദൈവഭക്തനും ഇത് പ്രതീക്ഷിക്കാവുന്നതാണ്. തനിക്ക് നേരെ കല്ലേറ് വന്നപ്പോൾ സ്തേഫാനോസ് നോക്കിയത് കല്ലിലേയ്ക്കല്ല മറിച്ച് സ്വർഗ്ഗത്തിലേക്ക് ആയിരുന്നു. ആ ക്ഷണം സ്വർഗ്ഗം തുറന്നിരിക്കുന്നതും ദാസനെ സ്വീകരിപ്പാൻ യജമാനൻ എഴുന്നേറ്റ് നിൽക്കുന്നതും സ്തേഫാനോസ് കണ്ടു. ശക്തമായ ഉപദ്രവങ്ങൾക്കിടയിൽ നിന്ന് ഉയരുന്ന ശബ്ദം ശ്രദ്ധിക്കൂ. അതൊരു നിരാശയുടെ ശബ്ദമല്ല, പ്രതികാരത്തിന്റെ ആക്രോശവുമല്ല, മറിച്ച് പ്രാർത്ഥനയുടെ പ്രതിധ്വനിയാണ് അവിടെ ഉയർന്നത്. ദിഗന്ധങ്ങൾ മുഴങ്ങുമാറ് ആ ശബ്ദം ഇന്നും ഉയരുന്നുണ്ട്. ശ്രദ്ധിച്ചാൽ നമുക്കത് കേൾക്കാൻ കഴിയും. പ്രാർത്ഥനയോടെ ആരംഭിച്ച ശുശ്രൂഷ പ്രാർത്ഥനയോടെ അവസാനിപ്പിക്കുന്നു. ക്രിസ്തീയ സഭയുടെ പ്രഥമ രക്തസാക്ഷി സ്വർഗ്ഗ കവാടം കടന്നു.

സ്തേഫാനോസിന്റെ മരണത്തെ തുടർന്ന് യെരൂശലേമിലെ സഭയ്ക്ക് വലിയ ഉപദ്രവം നേരിടേണ്ടി വന്നു. അപ്പോസ്തലന്മാർ ഒഴികെ എല്ലാവരും യെരൂശലേം വിട്ട് പ്രാണരക്ഷാർത്ഥം സമീപ പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. അക്കാലത്ത് രണ്ടായിരത്തോളം ക്രിസ്ത്യാനികൾ അതിദാരുണമായി കൊല്ലപ്പെട്ടു. ഒരുവശത്ത് പീഡനം പെരുകുമ്പോഴും മറുവശത്ത് ദൈവസഭയുടെ കരുത്ത് വർദ്ധിച്ചുകൊണ്ടിരുന്നു. പരിശുദ്ധാത്മാവ് തന്റെ ജനത്തെ, സഭയെ ഉദ്യമിപ്പിച്ചു കൊണ്ടിരുന്നു. ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്ന ഗുരു വചനം ദൈവജനത്തിന്റെ കാതുകളിൽ ആകാശ ഭാഷിതമായി മുഴങ്ങിക്കൊണ്ടിരുന്നു.

അപ്പോസ്തല പ്രവർത്തികളിൽ രേഖപ്പെടുത്തപ്പെട്ട അടുത്ത രക്തസാക്ഷി മരണം യാക്കോബ് ശ്ലീഹയുടെതായിരുന്നു. സ്തെഫാനോസിന്റ മരണശേഷം ഏകദേശം പത്തുവർഷമെങ്കിലും കഴിഞ്ഞാണ് യാക്കോബിന്റെ മരണം സംഭവിക്കുന്നത്. ഹെരോദാ അഗ്രിപ്പാ ഒന്നാമൻ യഹൂദയിൽ നിയമിതനായ ഉടനെ യഹൂദന്മാരുടെ പ്രീതി നേടുവാൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ തുടങ്ങി. ഏറ്റവും കൂടുതൽ ദ്രോഹം ചെയ്യണം എന്ന നിശ്ചയത്തോടെ ആത്മീയ നേതാക്കന്മാരെ തന്നെ ആദ്യം പിടികൂടി. അക്കൂട്ടത്തിലാണ് യാക്കോബ് അപ്പസ്തോലൻ അറസ്റ്റിലാകുന്നത്. ഞാൻ കുടിക്കാനിരിക്കുന്ന പാനപാത്രം നിങ്ങൾക്കു കുടിപ്പാൻ കഴിയുമോ എന്ന ചോദ്യത്തിന് കഴിയും എന്ന പ്രതിവചിച്ച യാക്കോബ്, ദൈവഹിതത്തിലേക്ക് നടന്നടുക്കുവാൻ തുടങ്ങി. ദൈവ സന്നിധിയിൽ ഉത്തമമായ സ്ഥാനം ലഭിക്കുന്നതിനുവേണ്ടി കഷ്ടതയുടെ പാനപാത്രം കുടിക്കേണ്ടതുണ്ടെന്നും, ക്രൂശിന്റെ പാതയാണ് മഹത്വത്തിന്റെ പാത എന്നും യാക്കോബ് തിരിച്ചറിഞ്ഞു. ഗോതമ്പുമണി നിലത്തുവീണ് ചാകുമ്പോഴാണല്ലോ വളരെ ഫലം ഉണ്ടാകുന്നത്.

ഈ ഉന്നതമായ ദർശനം ലഭിച്ച യാക്കോബ് ഭക്തനായ ഒരു പ്രാർത്ഥനാ പോരാളിയും, ധീരനായ ഒരു സുവിശേഷകനും ആത്മ നിറവുള്ള ഒരു പ്രഭാഷകനുമായിരുന്നു. തന്റെ സഹോദരനും ഒരുമിച്ച് സുവിശേഷ പ്രവർത്തനത്തിന് ഇറങ്ങിത്തിരിക്കുകയും ചെയ്ത യോഹന്നാൻ അപ്പോസ്തലൻ ദൈവകരത്തിൽ അതിശക്തമായി ഉപയോഗിക്കപ്പെടുമ്പോഴും എനിക്ക് അതുപോലെ കഴിഞ്ഞില്ലല്ലോ എന്ന പരാതിയോ, പരിഭവമോ, പരിലേപനമോ ഇല്ലാതെ പ്രവർത്തിച്ച കർമ്മയോഗിയായിരുന്നു യാക്കോബ് അപ്പോസ്തോലൻ. അനിതര സാധാരണമായ വിശ്വാസവും, സമർപ്പണ മനോഭാവമുള്ള യാക്കോബ്. ദൈവരാജ്യത്തിൽ പ്രഥമസ്ഥാനം ചോദിച്ചത് ഭൗതിക ഉത്കൃഷ്ടേച്ഛയായി തോന്നാമെങ്കിലും, യേശുക്രിസ്തുവിലുള്ള ശക്തിയിലും അധികാരത്തിനും രാജകീയ പദവിയിലും അദ്ദേഹത്തിനുണ്ടായിരുന്ന ആഴമായ അവബോധമാണ് അങ്ങനെ ഒരു ചോദ്യത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഭരിക്കുവാൻ അനുവാദം ചോദിച്ച യാക്കോബിനു, യേശുവിനു വേണ്ടി മരിക്കുവാനുള്ള സമ്മതിയാണ് ലഭിച്ചത്.

യാക്കോബിന്റെ മരണത്തെക്കുറിച്ച് അലക്സാൻഡ്രീയായിലെ ക്ലമന്റ് ഇപ്രകാരം പറയുന്നു, കൊലക്കളത്തിലേക്ക് യാക്കോബിനെ കൊണ്ടുപോകുമ്പോൾ, പീഡനവും ഉപദ്രവവും സഹിച്ചും, ചോര ഒലിപ്പിക്കുന്ന മുഖവുമായി കടന്നുപോകുന്ന അപ്പോസ്തലൻ പ്രദർശിപ്പിച്ച അനന്യ സാധാരണമായ ധൈര്യവും പുഞ്ചിരിക്കുന്ന മുഖവും കണ്ടിട്ട്, തന്റെ മേൽ കുറ്റം ആരോപിച്ച മനുഷ്യൻ മനസാന്തരപ്പെടുകയും അയാൾ യാക്കോബ് അപ്പോസ്തലന്റെ കാൽക്കൽ വീണു മാപ്പ് അപേക്ഷിക്കുകയും ചെയ്തു എന്നും, യേശുനാഥനെ രക്ഷകനും നാഥനുമായി സ്വീകരിക്കുകയും ചെയ്തു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

കർത്താവിന്റെ പാനപാത്രം കുടിക്കാൻ കഴിയും എന്ന് പറഞ്ഞ യാക്കോബ്, ധീരമായി യേശുവിനു വേണ്ടി നിന്നപ്പോൾ ഹെരോദാവിന്റെ ഘഢ്ഗം യാക്കോബിന്റെ നേരെ ഉയർന്നു താണു. യാക്കോബ് അപ്പോസ്തോലൻ ശിരച്ഛേതം ചെയ്യപ്പെട്ടു. ധീരനായ സുവിശേഷകന്റെ ശബ്ദം ഭൂമിയിൽ നിലച്ചു എങ്കിലും, തന്റെ ചോര തെറിച്ച കുലത്തളത്തിൽ നിന്ന് അനേകർ സുവിശേഷകരായി പുറത്തുവന്നു. വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടി ജീവനും രക്തവും നൽകി ഒരു ഭക്തൻ കൂടെ അരുമനാഥന്റെ അരികിലേക്ക് നടന്നടുത്തു.

(തുടരും)

പിവൈപിഎ കോട്ടയം സൗത്ത് പ്രവർത്തനം ആരംഭിച്ചു

കോട്ടയം: പിവൈപിഎ കോട്ടയം സൗത്ത് സെന്ററിന്റെ 2025–2028 വർഷത്തേക്ക് തെരെഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ പ്രവർത്തന ഉദ്ഘാടനം ജൂൺ 15 ന് ഐപിസി ബെഥേൽ കൈതമറ്റം സഭയിൽ നടന്നു. പിവൈപിഎ പ്രസിഡന്റ് ബിജിൽ ചെറിയാൻ അധ്യക്ഷത വഹിച്ചു. കോട്ടയം സൗത്ത് സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോയ് ഫിലിപ്പ് ഉദ്ഘാടനം നിർവഹിച്ചു. പിവൈപിഎ കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് ഇവാ. മോൻസി പി. മാമ്മൻ മുഖ്യസന്ദേശം നൽകി.

പിവൈപിഎ സെക്രട്ടറി ഫെന്നി സാം ജോൺ പ്രവർത്തന വർഷത്തിലെ പ്രോഗ്രാമുകൾ വിശദീകരിച്ചു. പുതിയ ഭാരവാഹികളെ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൻസി ജി. ഫിലിപ്പ് അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. പിവൈപിഎ കോട്ടയം സൗത്ത് സെന്റർ ഈ വർഷം ജീവൻ ജ്യോതി കൗൺസിലിംഗ് സെന്ററുമായി ചേർന്ന് ആരംഭം കുറിക്കുന്ന 'Mind Brigde' എന്ന കൗൺസിലിംഗ് പ്രൊജക്റ്റിന്റെ ഉദ്ഘാടനം സെന്റർ സെക്രട്ടറി പാസ്റ്റർ സുധീർ വർഗീസ് നിർവഹിച്ചു.

സെന്റർ ട്രഷറർ ബെന്നി പുള്ളോലിക്കൽ, സൺഡേ സ്കൂൾ സൂപ്രണ്ട് സജി നടുവത്ര, സെന്റർ ജോയിന്റ് സെക്രട്ടറി ചെറിയാൻ പി. കുരുവിള എന്നിവർ ആശംസ സന്ദേശങ്ങൾ അറിയിച്ചു. ജോയിന്റ് സെക്രട്ടറി പോൾസൺ ടി സ്കറിയ സ്വാഗതവും സോണൽ റെപ്രെസെൻറ്റേറ്റീവ് ആശിഷ് ബാബു നന്ദിയും പറഞ്ഞു. വൈസ് പ്രസിഡന്റ് പാസ്റ്റർ രോഹിത് തോമസ് പ്രാർത്ഥിച്ചു.

ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ സിൽവർ ജൂബിലി കൺവെൻഷൻ

ഫ്ളോറിഡ: ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ രജത ജൂബിലി കൺവൻഷൻ 3–6 വരെ ഒർലാന്റോ ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയിൽ (IPC Orlando Church, 11531 Winter Garden Vineland Road, Orlando, FL 32836) നടക്കും.

3 ന് വ്യാഴാഴ്ച വൈകിട്ട് 6.30 ന് ആരംഭിക്കുന്ന യോഗത്തിൽ പാസ്റ്റർ ഡോ. ജോയി ഏബ്രഹാം അധ്യക്ഷത വഹിക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഡോക്ടർ തോംസൺ കെ. മാത്യു മുഖ്യ പ്രഭാഷണം നടത്തും. ഇവാഞ്ചലിസ്റ്റ് കെ ബി ഇമ്മാനുവലിന്റെ നേതൃത്വത്തിലുള്ള റീജിയൻ ക്വയർ ഗാനശുശ്രൂഷകൾക്ക് എല്ലാ ദിവസവും നേതൃത്വം വഹിക്കും.

4ന് വെള്ളിയാഴ്ച രാവിലെ 10.30 ന് ആരംഭിക്കുന്ന സഹോദരി സമ്മേളനത്തിൽ ലേഡീസ് മിനിസ്ട്രീസ് പ്രസിഡന്റ് സിസ്റ്റർ ബീനാ മത്തായിയും

ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് യുവജന സമ്മേളനത്തിൽ പി.വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ സിബി എബ്രഹാമും അധ്യക്ഷത വഹിക്കും.

വെള്ളിയാഴ്ച വെകിട്ട് 6 മുതൽ 6.30 വരെ ഗാനസന്ധ്യ ഉണ്ടായിരിക്കും. പാസ്റ്റർ ഏബ്രഹാം തോമസ് അധ്യക്ഷത വഹിക്കുന്ന പൊതുയോഗത്തിൽ പ്രഭാഷകൻ റവ.ഡേവിഡ് സ്റ്റുവേഡ് ജൂനിയർ മുഖ്യ പ്രഭാഷണം നടത്തും.

5 ന് ശനിയാഴ്ച രാവിലെ 10 ന് രജത ജൂബിലി സമ്മേളനം നടക്കും. ഐപിസി രാജ്യാന്തര പ്രസിഡന്റ് റവ. ഡോ. വത്സൻ എബ്രഹാം മുഖ്യ അതിഥിയായി പങ്കെടുക്കും. സുവനീർ പ്രകാശനവും അവാർഡ് ദാനവും ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനവും ജൂബിലിയോട് അനുബന്ധിച്ച് നടക്കും. ശുശ്രൂഷകന്മാർ കൗൺസിൽ അംഗങ്ങൾ, സ്റ്റേറ്റ് പ്രതിനിധികൾ തുടങ്ങിയവർ ആശംസകൾ അറിയിക്കും.

ശനിയാഴ്ച വൈകിട്ട് നടത്തപ്പെടുന്ന പൊതുയോഗത്തിൽ പാസ്റ്റർ കെ. ജെ കുര്യാക്കോസ് അധ്യക്ഷത വഹിക്കും. റവ.ഡേവിഡ് സ്റ്റുവേഡ് ജൂനിയർ പ്രസംഗിക്കും. ഞായറാഴ്ച രാവിലെ 9 മുതൽ 12 വരെ നടത്തപ്പെടുന്ന സംയുക്ത സഭാ ആരാധനയ്ക്ക് പാസ്റ്റർ ജേക്കബ് മാത്യു നേതൃത്വം വഹിക്കും. ഭക്തിനിർഭരമായ തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും. ഞായർ രാവിലെ 9 മുതൽ 11 വരെ നടത്തപ്പെടുന്ന യുവജനങ്ങൾക്കായുള്ള ഇംഗ്ലീഷ് ആരാധനക്കും പ്രെയ്സ് ആൻഡ് വർഷിപ്പിനും പാസ്റ്റർ ഫിനോയി ജോൺസൺ നേതൃത്വം നൽകും.

പാസ്റ്റർ കെ.സി ജോൺ

ശാരോൻ ഫാമിലി കോൺഫറൻസ്... (1-ാം പേജ് തുടർച്ച)

റോബർട്ട് & ജാൻ ടീൽ ഈ കോൺഫറെൻസിലും കുഞ്ഞുങ്ങളുടെ മിനിസ്ട്രിക്ക് നേതൃത്വം നൽകുന്നു. കോൺഫറൻസിന്റെ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായ് നാഷണൽ കമ്മിറ്റിയും, ലോക്കൽ കമ്മിറ്റിയും, എക്സിക്യൂട്ടിവ് ബോർഡും പ്രവർത്തിച്ചു വരുന്നു.

കോൺഫറൻസിന്റെ ഒരുക്കങ്ങൾ പൂർത്തിയാകുന്നതായി നാഷണൽ കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു. മാർച്ച് മുതൽ ആരംഭിച്ച രജിസ്ട്രേഷൻ നൂറുകണക്കിന് ആളുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തതായി ലോക്കൽ കമ്മിറ്റി രജിസ്ട്രേഷൻ ഭാരവാഹികൾ അറിയിച്ചു.

പാസ്റ്റർ സ്റ്റീഫൻ വർഗീസ് (നാഷണൽ കൺവീനർ), പാസ്റ്റർ വിൽസൺ ജോർജ് (ജോയിന്റ് കൺവീനർ), ബ്രദർ ജെയിംസ് ഉമ്മൻ (നാഷണൽ സെക്രട്ടറി), മേബിൾ തോമസ് (ട്രഷറർ), ബ്രദർ ജിംസ് മേടമന (ജോയിന്റ് ട്രഷറർ), പാസ്റ്റർ എബിൻ അലക്സ് (മീഡിയ കോഓർഡിനേറ്റർ), സിസ്റ്റർ സിബി ജോസഫ് (ലേഡീസ് കോഓർഡിനേറ്റർ), ബ്രദർ ബ്രാഡ്‌ലി മാത്യു (യൂത്ത് കോഓർഡിനേറ്റർ) എന്നിവർ നാഷണൽ കമ്മിറ്റിക്ക് നേതൃതം നൽകുന്നു. പാസ്റ്റർ ഫിന്നി വർഗീസിന്റെയും പാസ്റ്റർ തോമസ് ജോൺസന്റെയും നേതൃത്വത്തിൽ ലോക്കൽ കമ്മിറ്റി ക്രമീകരണങ്ങൾക്ക് പൂർത്തിയാകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി വെബ്സൈറ്റ് സന്ദർശിക്കുക: https://www.sharonconferences.com/

MATRIMONIAL

Syrian Christian Pentecostal parents invite proposals for their daughter (27/DOB 23.07.1998 /157cm) BTech, born again, baptised, spirit filled currently working in a reputed firm in Kuwait. Seeking suitable proposals of born again, God fearing and professionaly qualified Pentecostal boys. Mob.

സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് (27/170 സെ.മി) B.com, MBA, ഇരുനിറം, സൗദിഅറേബ്യയിലെ പ്രമുഖ കമ്പനിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് നല്ല ആത്മിയ നിലവാരം പുലർത്തുന്നതും പ്രൊഫഷൽ വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ +966 558145854, 9562525813

Kerala based Syrian Christain Pentecostal parents invite proposal for their daughter who is born and brought up in Bikaner, Rajasthan. Age (31), dob 13.07.1993, 152cm Height, B.A.LL.B, LL.M (International Comercial Finance and Banking Law, University of Birmingham,UK) practicing in the Honourable Supreme Court of India and High Court, New Delhi.Phone 9605432822, 9783965293

Syrian Christian missionary parents invite proposals for their son (27/B.Com, MBA from Canada, US B1, B2 visa holder) born and brought in North India, working as Hosptality Manager in Canada. Seeking alliance from parents of Pentecostal families for a God-fearing, Born again, Sprit filled and professionaly wualified young woman who is born again, Holy Spirit-filled, and dedicated to a life of faith and ministry. Contact Phone: +91 9650082916

Pentecostal Girl in Mumbai / MSc Nursing / Australia RN Syrian Christian Pentecostal parents inviting proposal for their daughter (30 yrs / Nov 1994 / 156 cm) born again,. baptized and spirit filled. She is brought up and studied in Mumbai (MSc Nursing & working Australia RN). Prayerfully seeking alliance from parents of God fearing, Spirit filled, proffesionally qualified, Non Ornament wearing, interested in Gospel work with secular job, preferably born and brought up outside Kerala. Interested Parents please cobtact us @ Mobile & Whatsapp : 00965 98833139/ 00965 66139849

ലോക പെന്തെക്കോസ്ത് സമ്മേളനം (1-ാം പേജ് തുടർച്ച)

കൾക്കും എന്ത് ചെയ്യുവാൻ കഴിയുമെന്നതിനെക്കുറിച്ചും ചർച്ചകളും, സെമിനാറുകളും നടന്നു. ഒരു ഉപദേശക സമിതി ഒഴികെ യാതൊരു ഔപചാരികതയും ലോകപെന്തെക്കോസ്ത് സമ്മേളനത്തിനില്ല. 1947 ൽ സൂരിച്ചിൽ ആരംഭിച്ച ലോകസമ്മേളനത്തിൽ എല്ലാ പെന്തെക്കോസ്ത് വിഭാഗങ്ങളും ഒന്നിച്ച് സഹകരിക്കുന്നു. ഇന്ത്യയിൽ നിന്നും ഉപദേശകസമിതിയലേക്കും പ്രതിനിധിയായി ഡോ. സുദർശൻ കൊമനപ്പള്ളി തെരഞ്ഞെടുക്കപ്പെട്ടു. 28-ാമത് ലോക പെന്തെക്കോസ്ത് സമ്മേളനം 2028 നവംബർ ഒന്നു മുതൽ മൂന്നു വരെ ഫിലിപ്പൈൻസിലെ മനിലയിൽ നടക്കുമെന്ന് സെക്രട്ടറിയും, കൊറിയൻ സിയോൾ ഫുൾ ഗോസ്പൽ ചർച്ച് പാസ്റ്ററുമായ ഡോ. യംഗൂൺ ലീ അറിയിച്ചു.

'കരുണയിൻകരം' ഒരുക്കി സിഇഎം

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ സി.ഇ.എം ന്റെ നേതൃത്വത്തിൽ 'കരുണയിൻകരം' പദ്ധതിയുടെ ഭാഗമായി പഠനോപകരണങ്ങൾ വിതരണം ഉദ്ഘാടനംചെയ്തു.

പാസ്റ്റർ ടോണി തോമസ് അധ്യക്ഷനായിരുന്നു. ജനറൽ പ്രസിഡന്റ് പാസ്റ്റർ സാംസൺ പി തോമസ് ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് പാസ്റ്റർ ജോമോൻ കോശി പ്രവർത്തനങ്ങളുടെ വിശദീകരണം നൽകി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പാസ്റ്റർ ബ്രിജീ വർഗീസ്, പാസ്റ്റർ ഷാജൻ കുര്യൻ, പാസ്റ്റർ സുരേഷ് വി, ബോബി എസ് എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി.

ബാഗ്, നോട്ടുബുക്കുകൾ, വാട്ടർബോട്ടിൽ, ലഞ്ച് ബോക്സ്, പെൻസിൽ ബോക്സ്, നെയിംസ്ലിപ്പ്, കുട എന്നിവയടങ്ങിയ കിറ്റാണ് കുഞ്ഞുങ്ങൾക്ക് നൽകിയത്. ശാരോൻ ഫെലോഷിപ്പിന്റെ കേരളത്തിലെ 18 റീജിയനുകളിൽ നിന്നായി 400 കുഞ്ഞുങ്ങൾക്കും അതോടൊപ്പം കണ്ണൂർ കിളിയന്തറ ഓർഫനേജിലുള്ള കുഞ്ഞുങ്ങൾക്കും സഹായങ്ങൾ നൽകി. പാസ്റ്റർ സാംജി. കോശി സ്വാഗതവും റോഷി തോമസ് നന്ദിയും പറഞ്ഞു.

ഐപിസി ഗ്ലോബൽ മീഡിയ യുഎഇ ചാപ്റ്റർ അവാർഡിന് രചനകൾ ക്ഷണിക്കുന്നു

ഷാർജ: ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ യുഎഇ ചാപ്റ്റർ സാഹിത്യ അവാർഡിന് രചനകൾ ക്ഷണിക്കുന്നു.

ലേഖനം–ലഹരി വിമുക്ത തലമുറ : സഭയുടെ ഉത്തരവാദിത്തവും കടമകളും, കവിത–നീതി സൂര്യൻ, കഥ–ആൾക്കൂട്ടത്തിൽ തനിയെ.

നിബന്ധനകൾ: യുഎഇയിലെ സഭാ വ്യത്യാസം ഇല്ലാതെ ആർക്കും ഇതിൽ പങ്കെടുക്കാം. പ്രായ പരിധിയില്ല. ഇംഗ്ലീഷിലോ, മലയാളത്തിലോ എഴുതാം. മുൻപ് പ്രസിദ്ധീകരിച്ച സാഹിത്യ സൃഷ്ടികൾ പാടില്ല. രചനകൾ PDF ഫോർമാറ്റിൽ ഒറ്റ ഫയൽ ആക്കി അറ്റാച്ച് ചെയ്തു ipcgmauae@gmail.com എന്ന വിലാസത്തിൽ അയക്കുക.

രചനകൾ അയക്കേണ്ട അവസാന തീയതി ജൂലൈ 31, 2025. സാഹിത്യ സൃഷ്ടികൾ ഇമെയിൽ ചെയ്യുമ്പോൾ രചയിതാവിന്റെ പേരും, അഡ്രസും, ഫോൺ നമ്പറും, പാസ്പോർട്ട് സൈസ് ഫോട്ടോ യും അയക്കണം. വിജയികൾക്ക് 2026 ൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ ഫലകം നൽകി ആദരിക്കും.

യുഎഇ യിലെ പ്രവാസി മലയാളികളുടെ സാഹിത്യ അഭിരുചി പ്രോത്സാഹിപ്പിക്കാൻ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ, യുഎഇ ചാപ്റ്റർ പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് ലാൽ മാത്യു, വൈസ് പ്രസിഡന്റ് ഡോ. റോയ് ബി. കുരുവിള, സെക്രട്ടറി കൊച്ചുമോൻ ആന്താര്യത്ത്, ട്രഷറർ നെവിൻ മങ്ങാട്ട്, ജോയിന്റ് സെക്രട്ടറി വിനോദ് എബ്രഹാം, ജനറൽ കൗൺസിൽ അംഗം പി.സി. ഗ്ലെന്നി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ പാസ്റ്റർ ജോൺ വർഗീസ്, ആന്റോ അലക്സ്, ഐപിസി ഗ്ലോബൽ മീഡിയ അന്തർ ദേശീയ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ എന്നിവർ നേതൃത്വം നൽകുന്നു.

മരണമടഞ്ഞ രഞ്ജിതയുടെ വസതി സന്ദർശിച്ച് പിസിഐ ഭാരവാഹികൾ

പുല്ലാട് (പത്തനംതിട്ട): അഹമ്മദാബാദ് വിമാന അപകടത്തിൽ മരിച്ച പുല്ലാട് സ്വദേശി രഞ്ജിത ജി.നായരുടെ വസതി പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഭാരവാഹികൾ സന്ദർശിച്ചു.

പിസിഐ നാഷണൽ പ്രസിഡന്റ് പാസ്റ്റർ ജെ.ജോസഫ്, നാഷണൽ ജനറൽ സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, സ്റ്റേറ്റ് ജനറൽ സെക്രട്ടറി പാസ്റ്റർ ജെയ്സ് പാണ്ടനാട് എന്നിവർ വസതിയിലെത്തി രഞ്ജിതയുടെ മാതാവ്, മക്കൾ എന്നിവരെ ആശ്വസിപ്പിച്ച് പ്രാർഥന നടത്തി. കുടുംബാംഗങ്ങളെയും ബന്ധുക്കളെയും പെന്തെക്കോസ്ത് സമൂഹത്തിന്റെ ദുഃഖവും അനുശോചനവും അറിയിച്ചു.

ശതാബ്ദി മെഗാ ബൈബിൾ ക്വിസ് ജൂലൈ 24 ന്

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് സണ്ടേസ്കൂൾ ഡിപ്പാർട്മെന്റിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മെഗാ ബൈബിൾ ക്വിസ് സംഘടിപ്പിക്കുന്നു.

സഭാ വിഭാഗ വ്യത്യാസമില്ലാതെ സണ്ടേസ്കൂൾ വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഒരു സഭയിൽ നിന്ന് 18 വയസ്സിൽ താഴെയുള്ള രണ്ടംഗങ്ങൾ വീതമുള്ള രണ്ടു ടീമുകൾക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 100 രൂപയാണ്. സെന്റർ മേഖലാ സംസ്ഥാന തലത്തിൽ മത്സരങ്ങൾ നടക്കും. സെന്റർതല പ്രാഥമിക മത്സരങ്ങൾ ജൂലൈ 24ന് കേരളത്തിലെ 90 പരീക്ഷ കേന്ദ്രങ്ങളിലായി നടക്കും.

സെന്ററിൽ നിന്ന് വിജയിക്കുന്ന രണ്ടു ടീമിന് മേഖലയിലേക്കും അവിടെ നിന്ന് വിജയിക്കുന്ന രണ്ടു ടീമിന് സംസ്ഥാന തലത്തിലേക്കും മത്സരിക്കാം. സെന്റർ വിജയികൾക്ക് മൊമെന്റോയും മേഖലാ വിജയികൾക്ക് ട്രോഫിയും സംസ്ഥാന വിജയികൾക്ക് ക്യാഷ് അവാർഡും ലഭിക്കും.

ഒന്നാം സ്ഥാനം : 25,000 രൂപ,
രണ്ടാം സ്ഥാനം : 15,000 രൂപ,
മൂന്നാം സ്ഥാനം : 10,000 രൂപ

പുസ്തക ഭാഗങ്ങൾ : ലൂക്കോസ്, അപ്പോസ്തല പ്രവർത്തികൾ, എബ്രായർ (സെന്റർ തലം).

ലൂക്കോസ്, അപ്പോസ്തല പ്രവർത്തികൾ, എബ്രായർ, യെശയ്യാവ് (മേഖലാ തലം).

ലൂക്കോസ്, അപ്പോസ്തല പ്രവർത്തികൾ, എബ്രായർ, യെശയ്യാവ്, വെളിപ്പാട് (സംസ്ഥാന തലം) എന്നിവയാണ്. ഓരോ ഘട്ടത്തിലും ഇരുപത് ചോദ്യങ്ങൾ ഉണ്ടായിരിക്കും.

സെന്റർ തലത്തിൽ ജൂലൈ 24 നും മേഖലാ തലത്തിൽ ഓഗസ്റ്റ് 15 നും നടക്കും. സംസ്ഥാന തല മത്സരം സെപ്റ്റംബർ 1 ന് സഭാ ആസ്ഥാനമായ മുളക്കുഴ സീയോൻ കുന്നിലാണ് ക്രമീകരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക്:
ബ്രദർ സാബു ജോർജ്
+91 94462 53940
രജിസ്ട്രേഷന്
https://tinyurl.com/cogssmegabiblequiz

വേർപാടുകൾ

പാസ്റ്റർ വൈ. ബെന്നി

കടമ്പനാട് നോർത്ത്: അസംബ്ലീസ് ഓഫ് ഗോഡ് സഭാ സീനിയർ ശുശ്രൂഷകൻ മോറിയയിൽ പാസ്റ്റർ വൈ. ബെന്നി (85) നിര്യാതനായി. സംസ്കാരം ജൂൺ 16 ന് ഭവനത്തിലെയും അസംബ്ലീസ് ഓഫ് ഗോഡ് തുവയൂർ സഭാങ്കണത്തിലും നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ നടത്തി. മാവേലിക്കര തട്ടാരമ്പലം വാലുപറമ്പിൽ പരേതരായ യോഹന്നാൻ മറിയാമ്മ ദമ്പതികളുടെ മകനാണ്. പൊന്നമ്മ ബെന്നിയാണ് ഭാര്യ. മക്കൾ: മിനി ബാബു, ബിനു ബെന്നി (മസ്കറ്റ്), ഷൈനി ജോൺസൺ (ബാംഗ്ളൂർ), പാസ്റ്റർ ബിജു ബെന്നി (ചർച്ച് ഓഫ് ഗോഡ് കുറത്തിക്കാട്). മരുമക്കൾ: ബാബു തോമസ് (സൗദി), സിസി ബിനു (മസ്കറ്റ്), പ്രൊഫ. ഡോ. ജോൺസൺ തോമസുകുട്ടി (ബാംഗ്ളൂർ), ഏഞ്ചൽ ബിജു.

പാസ്റ്റർ ജോർജ് ഫിലിപ്പ്

ഗുജറാത്തിലെ ഫെയ്ത്ത് ഫെലോഷിപ് സഭയുടെ സ്ഥാപകൻ പാസ്റ്റർ ജോർജ് ഫിലിപ്പ് (രാജു ഭായ് 57) കർത്തൃസന്നിധിയിൽ ചേർന്നു. ഭാര്യ സലോമി പെരുമ്പാവൂർ സ്വദേശിയാണ്. നവാപൂർ മേഖലയിൽ പാസ്റ്റർ തോമസ് മാത്യുവിനോടൊപ്പം മിഷനറി പ്രവർത്തനങ്ങൾ ആരംഭിച്ചു. പത്രോസ് മിനിസ്ട്രിയുടെ ഇന്ത്യയിലെ കോർഡിനേറ്റർ ആയിരുന്നു.

ഒഡീഷയിലെ ക്രിസ്ത്യാനികൾ വീണ്ടും ആക്രമണത്തിനിരയായി

ഭുവനേശ്വർ: കലാപത്തിലൂടെ അനേകരുടെ ജീവനെടുത്ത കന്ധമാൽ സ്ഥിതി ചെയ്യുന്ന ഒഡീഷയിൽ ക്രൈസ്തവർ ഇപ്പോഴും ഭീഷണി നേരിടുന്നു. ഒഡീഷയിലെ കൊരാപുട്ട് ജില്ലയിലെ നിരവധി ആദിവാസി ക്രിസ്ത്യൻ കുടുംബങ്ങൾ ആക്രമിക്കപ്പെടുകയും ബന്ധുഗാവ് ഗ്രാമത്തിലെ അംസദ ഗ്രാമപഞ്ചായത്തിൽ വീടുകൾ വിട്ടുപോകാൻ നിർബന്ധിതരാകുകയും ചെയ്തതായി കാത്തലിക് കണക്റ്റ് റിപ്പോർട്ട് ചെയ്യുന്നു.

പ്രദേശത്ത് വൻ ജനക്കൂട്ടം ക്രൈസ്തവരുടെ വീടുകൾ ആക്രമിച്ച് സ്വത്തുക്കൾ നശിപ്പിക്കുകയും വധശ്രമം നടത്തുകയും ചെയ്തതായി റിപ്പോർട്ടുണ്ട്. കുട്ടികൾ ഉൾപ്പെടെയുള്ളവർ വനത്തിൽ അഭയം തേടാൻ നിർബന്ധിതരായി. പോലീസ് സഹായത്തോടെയാണ് ക്രൈസ്തവരെ ഒരു പ്രാദേശിക പാസ്റ്ററുടെ വീട്ടിലേക്ക് മാറ്റിയത്.

ആക്രമണം മുൻകൂട്ടി ആസൂത്രണം ചെയ്തതായിരുന്നുവെന്നും അവരുടെ വീടുകൾ പൂർണ്ണമായും തകർന്നുവെന്നും ക്രിസ്ത്യൻ കുടുംബങ്ങൾ ഭയത്തോടെയാണ് കഴിയുന്നതെന്നും യുണൈറ്റഡ് ബിലീവേഴ്സ് കൗൺസിൽ നെറ്റ്‌വർക്ക് ഇന്ത്യയുടെ അധ്യക്ഷൻ പല്ലബ് ലിമ പറഞ്ഞു. പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം വീടിനുള്ള നഷ്ടപരിഹാരവും സഹായവും ലഭിക്കുന്നതിനായി അധികാരികളോട് ക്രൈസ്തവ നേതൃത്വം അഭ്യർത്ഥന നടത്തി.

തുടർച്ചയായ ഭീഷണിയും ആക്രമണങ്ങളും മൂലം വലിയ ഭീതിയിലാണ് പ്രദേശത്തെ ക്രൈസ്തവർ കഴിയുന്നത്. കന്ധമാലിൽ അരങ്ങേറിയ ക്രൈസ്തവ വിരുദ്ധ കലാപത്തിന്റെ ഞെട്ടിക്കുന്ന ഓർമ്മകൾ ഒഡീഷയിലെ സാധാരണക്കാരെ ക്രൈസ്തവരെ ഇപ്പോഴും വേട്ടയാടുന്നുണ്ട്.

SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 05.06.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 | Issue. 11 | RNI. No. KERMAL/2002/09730 | Annual Subscription 200 | Pages 8

അകപ്പുറം

ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

ഒരു വാക്കല്ലേ പറഞ്ഞുള്ളൂ

ദാവീദും ഗോല്യാത്തും ഏലാ താഴ്വരയും മല്ലയുദ്ധവും ഒക്കെ നമ്മുടെ മനസിൽ ആദ്യം തന്നെ പതിയുന്ന

പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ
നാഷണൽ ഓഫീസിന്റെയും പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം

തിരുവല്ല: ഭാരതത്തിലെ പെന്തക്കോസ്ത് സഭകളുടെ ഐക്യ വേദിയായ പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുതിയ നാഷണൽ ഓഫിസിന്റെ ഉദ്ഘാടനം ജൂൺ 21 ശനി രാവിലെ ഒമ്പതിന് തിരുവല്ല എം സി റോഡിലെ എസ് സി എസ് ജംഗ്ഷനിലുള്ള മൗണ്ട് സിയോൻ പ്ളാസയിലും ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം രാവിലെ 9.30 ന് ചർച്ച് ഓഫ് ഗോഡ് തിരുവല്ല സ്റ്റേഡിയം ചർച്ചിലും നടക്കും.

ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ വൈ. റെജി പ്രവർത്തന ഉദ്ഘാടനവും ശാരോൻ ഫെലോഷിപ്പ് ചർച്ച് മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ വി.ജെ. തോമസ് ഓഫിസ് ഉദ്ഘാടനവും നിർവഹിക്കും. ഐപിസി കേരള സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ മുഖ്യസന്ദേശം നൽകും. മൗണ്ട് സിയോൻ ഗ്രൂപ്പ് ചെയർമാൻ ഏബ്രഹാം കലമണ്ണിൽ ചാരിറ്റി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യും. പി സി ഐ ജനറൽ പ്രസിഡണ്ട് പാസ്റ്റർ ജെ. ജോസഫ് അധ്യക്ഷത വഹിക്കും.

പിസിഐ ജനറൽ സെക്രട്ടറി ജോജി ഐപ്പ് മാത്യുസ്, ജനറൽ ട്രഷറാർ ജിനു വർഗീസ് നാഷണൽ കോർഡിനേറ്റർ അജി കുളങ്ങര, വൈസ് പ്രസിഡണ്ടുമാരായ പാസ്റ്റർ വൈ. യോഹന്നാൻ ജയ്പൂർ, സാം ഏബ്രഹാം കലമണ്ണിൽ, പാസ്റ്റർ ഫിലിപ് ഏബ്രഹാം സെക്രട്ടറിമാരയ ബിജു വർഗീസ്, ബെന്നി കൊച്ചുവടക്കേൽ, പാസ്റ്റർ ലിജോ കെ. ജോസഫ്, പാസ്റ്റർ റോയ്സൺ ജോണി ഡിപ്പാർട്മെന്റ് കൺവീനർമാരായ പാസ്റ്റർ എം.കെ. കരുണാകരൻ പി.ഡി. വർഗീസ് ചെന്നൈ ബ്ലസിൻ ജോൺ മലയിൽ തുടങ്ങി എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ നേതൃത്വം കൊടുക്കും.

പെന്തെക്കൊസ്ത് മിഷൻ രാജ്യാന്തര കൺവൻഷൻ

യു.എസ്: ലോകത്തിൽ 65 ൽ പരം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ അമേരിക്കയിലെ രാജ്യാന്തര കൺവൻഷനായ ''ന്യൂ ടെസ്റ്റ്മെന്റ് ചർച്ച്'' കൺവൻഷൻ ജൂലൈ 9–13 വരെ അമേരിക്കയിലെ പെൻസൽവേനിയിൽ നടക്കും. പെൻസൽവേനിയ ഇന്ത്യാനാ യൂണിവേഴ്സിറ്റിയിലെ കൺവൻഷൻ സെന്ററിൽ ജൂലൈ 9 ന് കൺവെൻഷൻ ആരംഭിക്കും.

വ്യാഴം–വെള്ളി ദിവസങ്ങളിൽ രാവിലെ 10ന് പൊതുയോഗം ഉച്ചയ്ക്ക് 2–4 വരെ യുവജന സെമിനാർ ,കുട്ടികൾക്കായുള്ള സെമിനാർ, ശനിയാഴ്ച രാവിലെ 10ന് പൊതുയോഗവും ഉച്ചയ്ക്ക് 2–4 വരെ ഉപവാസ പ്രാർഥനയും ദിവസവും വൈകിട്ട് 7 ന് ഗാനശുശ്രൂഷ സുവിശേഷ പ്രസംഗം, രോഗശാന്തി ശുശ്രൂഷ എന്നിവ ഉണ്ടായിരിക്കും.

നൈജീരിയയിൽ വീണ്ടും കൂട്ടക്കൊല

നൈജീരിയ:. മധ്യ ബെനു സംസ്ഥാനത്തെ യെൽവാറ്റയിലാണ് ഗ്രാമീണർ ക്രൂരമായി കൊല്ലപ്പെട്ടത്. ജൂൺ 13, 14 തിയതികളിൽ ഇസ്ലാമിക് ഫുലാനി മിലിഷ്യയിൽപ്പെട്ട തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ ക്രിസ്ത്യൻ സമൂഹത്തിലെ 200 ഓളം പേർ കൊല്ലപ്പെട്ടു. ഇരകളിൽ ഭൂരിഭാഗവും പ്രാദേശിക കത്തോലിക്കാ മിഷൻ നൽകിയ ഷെൽട്ടറുകളിൽ താമസിക്കുന്ന നാടുകടത്തപ്പെട്ട ക്രിസ്ത്യാനികളായിരുന്നു.

നിരവധി കുടുംബങ്ങളെ അവരുടെ കിടപ്പുമുറികൾക്കുള്ളിൽ പൂട്ടിയിട്ട് അഗ്നിയ്ക്കിരയാക്കുകയായിരിന്നുവെന്ന് മനുഷ്യാവകാശ സംഘടനയായ ആംനെസ്റ്റി വെളിപ്പെടുത്തുന്നു. ആക്രമണത്തെ തുടർന്നു നിരവധി പേരെ കാണാതായി. അനേകം ആളുകൾക്ക് പരിക്കേറ്റു. ക്രൈസ്തവർ തിങ്ങി പാർക്കുന്ന സ്ഥലമാണ് ബെനു. കഴിഞ്ഞ മാസം ബെന്യുവിൽ 42പേരെ വെടിവച്ചു കൊന്നിരുന്നു.

നൈജീരിയയുടെ മധ്യമേഖലയിലാണ് ബെനു സ്ഥിതി ചെയ്യുന്നത്, വടക്കൻ പ്രദേശങ്ങളിൽ മുസ്ലീങ്ങളും തെക്കൻ പ്രദേശങ്ങളിൽ ക്രിസ്ത്യാനികളും ആധിപത്യം പുലർത്തുന്നു. ഇസ്ലാമിക് ഫുലാനി മിലിഷ്യ ഈ പ്രദേശത്തെ ക്രിസ്ത്യാനികൾക്കെതിരെ നിരവധി ആക്രമണങ്ങൾ നടത്തിയിട്ടുണ്ട്.

Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon